
ഗവൺമെന്റ്
വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ
വട്ടിയൂർക്കാവ്
തിരുവനന്തപുരം
little KITEs
ഉൾക്കാഴ്ച
insight

# ഗവൺമെന്റ്

# വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ

# വട്ടിയൂർക്കാവ്

# തിരുവനന്തപുരം



# ഉൾക്കാഴ്ച

**INSIGHT**




**<u>സന്ദേശം</u>**

**വിദ്യാർത്ഥികൾക്ക് ഏറെ താല്പര്യമുള്ള മേഖലയാണ് ഐ. ടി. നിരവധി സാധ്യതകളുള്ള മേഖല കൂടിയാണിത്. കൂട്ടായ പ്രവർത്തനത്തിലൂടെ കുട്ടികൾക്ക് അവരുടെ കഴിവുകൾ മെച്ചപ്പെടുത്താൻ ഇ - മാഗസിൻ പോലുള്ള പ്രവർത്തനങ്ങളിലൂടെ കഴിയട്ടെയെന്നു ആശംസിക്കുന്നു**

**സ്നേഹപൂർവ്വം**

**ഹയർ സെക്കന്ററി പ്രിൻസിപ്പാൾ**

**മീനാ കുമാരി. പി. എം**






**<u>സന്ദേശം</u>**

**വിവരസാങ്കേതികവിദ്യയുടെ വിസ്മയാവഹമായ വളർച്ചയിലൂടെ, അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ഈ നവലോകത്ത്, മനുഷ്യമനസ്സിലെ മാനുഷികഭാവങ്ങളും വൈകാരികതയും മാഞ്ഞുപോകുന്ന വേളയിൽ, വിദ്യാർത്ഥിമനസ്സിലെ സർഗ്ഗവാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കുവാൻ ഒരു വേദി ഒരുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഈ ഡിജിറ്റൽ മാഗസീൻ തയ്യാറാക്കിയ വിദ്യാർത്ഥികൾക്കും അവർക്കു നേതൃത്വം നൽകിയ അധ്യാപകർക്കും എല്ലാവിധ ഭാവുകങ്ങളും നേരുന്നു.**

**സ്നേഹപൂർവ്വം**

**ഹെഡ്മിസ്ട്രസ്**

**ഓമന എം പി**





<u>സന്ദേശം</u>


വിദ്യാർത്ഥികളുടെ സർഗ്ഗശേഷിയും പ്രവർത്തനമികവുകളും പരിപോഷിപ്പിക്കാനായി ഇത്തരം പ്രവർത്തനങ്ങൾ വളരെ മാതൃകാപരമാണ് . വിദ്യാർത്ഥികളിൽ സംഘപ്രവർത്തനങ്ങൾക്കു മികച്ച ഉദാഹരണമാണ് ഈ പ്രവർത്തനങ്ങൾ. കൂട്ടായ പ്രവത്തനങ്ങളിലൂടെ വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ടതായ വിവിധ കഴിവുകൾ വികസിപ്പിക്കുന്നതിന് ഏറെ സഹായമാണിത്. ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ പ്രവർത്തനത്തെ പൂർണമായും പ്രവർത്തിപഥത്തിൽ എത്തിച്ചതു വഴി കുട്ടികൾ ആർജിച്ച അറിവുകൾ ലോകത്തിലുള്ള എല്ലാ ആളുകളിലേക്കും എത്തിക്കുവാൻ കഴിയുന്നു എന്നതാണ് ലിറ്റിൽ കൈറ്റ്സ് ഇ - മാഗസിന്റെ ഏറ്റവും വലിയ വിജയം.

ഈ പദ്ധതി വിഭാവനം ചെയ്ത പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ ലോകത്തിനാകെ മാതൃകാപരമാണ്. എല്ലാ അഭിനന്ദനങ്ങളും. ഇതിനു മുൻകൈ എടുത്ത കുട്ടികൾക്കും സഹായിച്ച എല്ലാ അധ്യാപകർക്കും എല്ലാവിധ ആശംസകളും.

സ്നേഹപൂർവ്വം

വി. എച്ച്. എസ് .ഇ പ്രിൻസിപ്പാൾ

സീമാസേവ്യർ



# ആമുഖം

ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ.റ്റി കൂട്ടായ്മ, സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരുതലമുറയെ വാർത്തെടുക്കാൻ പര്യാപ്തമായ രീതിയിലാണ് രൂപപ്പെടുത്തിയിരിക്കുന്നത് . ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ കുട്ടികൾക്ക് സാങ്കേതികരംഗത്തെ വിവിധ മേഖലകളിലിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുത്തുന്നതിനുള്ള അവസരം നൽകുന്നു. ഓരോ കുട്ടിക്കും തനിക്കു യോജിച്ച മേഖല തെരഞ്ഞെടുക്കുവാനും അതിൽ താല്പര്യം ജനിപ്പിക്കുന്ന തരത്തിലുള്ള പ്രായോഗിക പരിശീലനമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

വിവിധ പരിശീലന പദ്ധതികളിലൊന്നാണ് ഭാഷാകമ്പ്യൂട്ടിങ്ങ്. വിദ്യാലയത്തിൽ നടത്തപ്പെടുന്ന ദൈനംദിന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കേണ്ടവരാണ് ലിറ്റിൽ കൈറ്റ്സ് കുട്ടികൾ. അതിനാൽ അവർക്ക് ഭാഷാകമ്പ്യൂട്ടിങ്ങിന്റെ അടിസ്ഥാനാശയങ്ങൾ മനസ്സിലാക്കുന്നതിനോടൊപ്പം ശാസ്ത്രീയരീതിയിലുള്ള കീ ബോർഡുകൾ ഉപയോഗിച്ചുള്ള അക്ഷരനിവേശനത്തിനും പ്രാവീണ്യം നേടിയെടുക്കുന്നതിന്റെ ഭാഗമായി ഓരോ സ്കൂളുകളിനും ഒരോ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുകയെന്ന ആശയം പ്രാവർത്തികമാക്കുന്നതിലേയ്ക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു

ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനു വേണ്ടി

അനിത കുമാരി. ബി

(ചീഫ് എഡിറ്റർ)

# എഡിറ്റോറിയൽ ബോർഡ്







സ്റ്റുഡന്റ് ചീഫ്.എഡിറ്റർ
ആൽബിൻ ഷിബു

സൂര്യദേവ്

ശ്രീജിത എസ് നായർ







അമ്മു

അമ്പാടി ജ്യോതിസ്

മുനവിറ ഫർഹാന

## ലിറ്റിൽ കൈറ്റ് അംഗങ്ങൾ



1. അസിൻ ജെ എസ്
2. മുനവിറ ഫർഹാന
3. നന്ദിനി എം എസ്
4. അനൂപ് എം എസ്
5. ഗായത്രി വി എസ്
6. സൂര്യദേവ്
7. അമ്പാടി ജ്യോതിസ്
8. അനന്തു എൻ സി
9. ആൽബിൻ ഷിബു
10. വിപിൻ രാജ് നി എ
11. ദിവ്യ പ്രിൻസ്
12. ഗായത്രി എസ് എസ്
13. കാവ്യ പി വി
14. അമ്മു എൽ
15. ആമിന എസ്
16. ഷഹന എസ്
17. സാന്ത്വന എസ്
18. കൃഷ്ണ ബി
19. നവ്യ ഡി
20. ശ്രീജിത എസ് നായർ
21. വിഷാൽ എച്ച് നായർ

# ഉള്ളടക്കം


| | | | പേജ് നമ്പർ |
|---|---|---|---|
| 1. പുഴയോട് | കവിത | മൈമൂൺ | 11 |
| 2.കാത്തിരിപ്പ് | കഥ | അശ്വതി സജികുമാർ | 12 |
| 3.മനുഷ്യന് പ്രകൃതി നൽകുന്ന പാഠം | ഉപന്യാസം | സാന്ദ്ര എൽ | 15 |
| 4.സ്നേഹം തേടുന്ന വാർദ്ധക്യം | ലേഖനം | നന്ദന അജികുമാർ | 17 |
| 5. തിരിച്ചറിവ് | ഉപന്യാസം | അശ്വതി സജികുമാർ | 19 |
| 6. അമ്മ എന്റെ ഗുരുനാഥ | അനുഭവക്കുറിപ്പ് | അന്നമ്മ ജോർജ് | 21 |
| 7. അമ്മ | കവിത | ക്രിസ്റ്റീനാ ആർ | 22 |
| 8. പുതിയ തലമുറ | കവിത | പവന | 24 |
| 9. MY MOM | Poem | Dileep | 25 |
| 10. അധ്യാപകദിനം | ലേഖനം | നന്ദന അജികുമാർ | 26 |
| 11. പ്രളയം | കഥ | ഷഹ്ന | 29 |
| 12. സ്വർണ്ണ താറാവ് | ഗുണപാഠ കഥ | നന്ദന അജികുമാർ | 31 |
| 13. ഏകാന്തത | കവിത | അർജുൻ എം | 31 |
| 14. ഓർമ്മകൾ | കഥ | അമൃത വി | 34 |
| 15. ഒരു പെൺകൊടിയുടെ വിലാപം | കവിത | അഖില സുരേഷ് | 36 |
| 16. ജലം ജീവാമൃതം | ലേഖനം | അശ്വതി സജികുമാർ | |
| 17. വട്ടിയൂർക്കാവ് സ്കൂളിന്റെ ചരിത്രം താളുകളിൽ | ചരിത്രം | അനിത കുമാരി.ബി ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് | 39 |
| 18. പുകവലി ആരോഗ്യത്തിനു ഹാനികരം | പ്രസംഗം | ഗായത്രി എസ് | 43 |

| | | | പേജ് നമ്പർ |
|---|---|---|---|
| 19. മനുഷ്യൻ ഇന്റർനെറ്റിന്റെ വലയിൽ | ലേഖനം | ശബ്ന എസ് | 45 |
| 20. നമ്പർ ക്വിസ് | ക്വിസ് | ഗായത്രി എസ് | 46 |
| 21. സുഭാഷിതം | | അമ്പാടി ജ്യോതിസ് | 47 |
| 22. GLOBAL WARMING | seminar | ANOOP MS | 49 |
| 23. അമ്മേ മാപ്പ് | കഥ | പവന | 53 |

# പുഴയോട്



***കവിത***



*മൈമൂൺ X C*

ഓരോരോ ജീവനിൽ അംശമായി തീരുന്ന
ജലദേവതതൻ തിരുസന്നിധിയിൽനിന്നുതിരുന്ന
ഒരു ചെറുകന്യകയാം പുതുപുഴയാണു ഞാൻ
അനുദിനം  ക്ഷയിച്ചുകൊണ്ടിരിക്കുന്നു ഞാൻ
ജനനിതൻ മുന്നിലായി കേഴുന്നു
കരയുന്ന  ഭൂമിതൻ നിറയുന്ന നയനങ്ങൾ-
തൻ അംശമായി മാറുന്ന പുഴയാണ് ഞാൻ
നീറുന്ന നയനങ്ങൾ തൻ മിഴിനീരുമായി
വരും തലമുറയ്ക്കായ് നിലകൊള്ളുന്നു ഞാൻ
എന്നിട്ടും ഇഞ്ചിഞ്ചായി എന്നെ കർന്നുതിന്നുന്നുവോ
പ്രകൃതിയാകുമമ്മയിൽ പിറവിയെടുത്ത ഞാൻ
ആനന്ദാശ്രുക്കൾ പൊഴിച്ചിരുന്നു
ഇന്നെൻ വിധിയോർത്തു നീറാതെ നീറുന്നു
ഇനി എത്ര കാലം... ഒരു കാളിന്ദിയായി
നിൻ മാറിലൂടെ ഒഴുകും ഞാൻ എത്ര നാൾ
എത്ര നാൾ പറയൂ കാലമേ...

# കാത്തിരിപ്പ്



*കഥ*



*അശ്വതി സജികുമാർ XB*

കറുത്ത പുക അന്തരീക്ഷത്തിൽ വിതറികൊണ്ട് പായുന്ന വാഹനങ്ങൾ ക്കിടയി ലൂടെ ആദ്രയുടെ കാർ പതിയെ നീങ്ങി. ഇടയ്ക്കെപ്പോഴൊ ട്രാഫിക് സിഗ്നൽ ചുവപ്പു തെളിഞ്ഞപ്പോൾ ആ കാർ അവിടെ നിന്നു. സിഗ്നൽ മാറാൻ സമയ മെടുത്തു. അല്പസമയം കഴിഞ്ഞു അവളുടെ കാർ വീണ്ടും നീങ്ങി .പക്ഷെ മനസ്സിൽ അസ്വസ്ഥത തോന്നി യപ്പോൾ അവൾ ആ കാർ വഴിയരികിൽ ഒതുക്കി നിർത്തി.എന്നിട്ടു അല്പനേരം കണ്ണടച്ചു .പഴയ ഓർമ്മകളിലേക്ക് തിരിഞ്ഞു നോക്കി .

രാജീവ്- അനിത ദമ്പതിമാരുടെ ഏകമകളായിരുന്നു ആർദ്ര. അവൾക്കു കൂട്ടായി ഒരു അനുജനൊ, അനുജത്തിയൊ വേണമെന്ന് അവൾ പലപ്പോഴും പറയുമായിരുന്നു. അങ്ങനെ ഒരുപാടു കാത്തിരി പ്പിനൊടുവിൽ അവൾക്കു അവരുടെ മാതാപിതാക്കൾ ഒരു കുഞ്ഞനുജത്തിയെ സമ്മാനിച്ചു. അവളാണ് ആർഷ. ആർദ്രയും ആർഷയും വളരെ സ്നേഹത്തിലായിരുന്നു.ഒരു ചെറിയ വഴക്കു പോലും ഉണ്ടായിട്ടില്ല. ചെമ്പകശ്ശേരിതറവാട്ടിലെ പൊന്നോമനകളായി അവർ വളർന്നു.

ആർഷയ്ക്കപ്പം അധികം പെട്ടെന്നൊന്നും മനസിലാകാത്തൊരു രോഗം വളർന്നുകൊണ്ടിരുന്നു. ആർദ്ര പഠിക്കാൻ മിടുക്കിയായിരുന്നു. പഠനത്തിനിടയിൽ അനേകം അവസരങ്ങൾ അവളെ തേടി വന്നിരുന്നു. എന്നാൽ ആർഷ ആർദ്രയുടെ

അത്ര തന്നെ കഴിവുകളുണ്ടായിരുന്ന കുട്ടിയായിരുന്നില്ല. എസ്. എസ് .എൽ. സിയും പ്ലസ്ടുവും ഉയർന്ന മാർക്കോടെ പാസായ ആർദ്രക്കു ഒരു സ്കോളർഷിപ്പോടു കൂടിയ പഠനത്തിന് അവസരം വന്നു. ലണ്ടനിലെ ഒരു ഉയർന്ന കോളേജിലെ പഠനം എന്നത് വളരെ ഭാഗ്യമായി കണ്ട ആർദ്രയ്ക്ക് ഈ അവസരം തള്ളിക്കളയാനായില്ല. അന്ന് വളരെ സന്തോഷത്തോടെയാണ് ആർദ്ര വീട്ടിലെത്തിയത് . പക്ഷെ വീട്ടിൽ ആരും ഉണ്ടായിരുന്നില്ല ...

അവൾ തറവാട് പടിക്കൽ കാത്തിരുന്നു. കുറെനേരം കഴിഞ്ഞപ്പോൾ ഒരു കാർ ആ വീട്ടുപടിക്കൽ വന്നു. അതിൽ അവളുടെ അനുജത്തിയും മാതാപിതാക്കളുമുണ്ടായിരുന്നു. അവൾ കാര്യം തിരക്കി . അന്നുച്ചക്ക് സ്കൂളിൽ കുഴഞ്ഞു വീണ ആർഷയെ ആശുപത്രിയിൽ കൊണ്ടു പോയപ്പോഴാണ് അവളിൽ ഉണ്ടായിരുന്ന മാരകരോഗത്തെക്കുറിച്ചു അവർ അറിയുന്നത്. രോഗം വളരെ മൂർച്ചിച്ചുപോയെന്നും തന്റെ അനുജത്തി ഇനി അധികനാൾ ഉണ്ടാവില്ലെന്നതുമായ സത്യം ആർദ്രയെ മാതാപിതാക്കൾ അറിയിച്ചിരുന്നില്ല. ആർഷയ്ക്കു പനിനീർപ്പൂക്കൾ ഇഷ്ടമായിരുന്നു . പ്രത്യേകിച്ച് പനിനീർപ്പൂക്കൾ. പിറ്റേന്ന് അവർ രണ്ടു പേരും ചേർന്ന് മുറ്റത്തു ഒരു പനിനീർച്ചെടി നട്ടുപിടിപ്പിച്ചു .രണ്ടു പേരും ചേർന്ന് ആ ചെടിക്കു വെള്ളമൊഴിച്ചു.

ഉപരിപഠനത്തിനായി ലണ്ടനിലേക്കു പോകാനൊരുങ്ങവേ ആർദ്ര ആർഷയെ കെട്ടിപ്പിടിച്ചു കരഞ്ഞു. ഒരു ദിവസംപോലും അനുജത്തിയും ചേച്ചിയും പിരിഞ്ഞുനിന്നിട്ടില്ല. ഇനി കുറച്ചു ദിവസം കഴിഞ്ഞാൽ തങ്ങൾ ഒരിക്കലും കാണാൻ പോകുന്നില്ലയെന്ന സത്യം ആർദ്ര അറിഞ്ഞിരുന്നില്ല. ആദ്യമൊക്കെ അവൾക്കു അവിടെത്തെ ജീവിതം ഇഷ്ടമായിരുന്നില്ല. പിന്നീട് അവൾ ലണ്ടൻ ജീവിതവുമായി പൊരുത്തപ്പെട്ടു തുടങ്ങി അപ്പോഴാണ് നാട്ടിൽനിന്നും ടെലഗ്രാം അവളെ തേടി എത്തുന്നത്. അവളുടെ അനുജത്തി ഈ ലോകത്തുനിന്നും എന്നെന്നേക്കുമായി യാത്ര പറഞ്ഞുവെന്നു വാർത്ത അവളുടെ തളർത്തി.

ഒരുപാടു നാൾ വേണ്ടിവന്നു അവൾക്കു പഴയ ജീവിതത്തിലേക്ക് തിരിച്ചുവരാൻ. ഒടുവിൽ നാട്ടിൽ അവൾ തിരിച്ചെത്തി. തറവാട്ടിലേക്ക് പോകാൻ അവൾ ആഗ്രഹിച്ചു ഒരു ലോറിയുടെ ഹോൺമുഴക്കം കേട്ട് അവൾ മയക്കത്തിൽനിന്നുണർന്നു. വീണ്ടും അവളുടെ കാർ ആ റോഡിലൂടെ നീങ്ങി. ഒടുവിൽ അവൾ ആ തറവാടു പടിക്കൽ കാർ നിർത്തി. അവൾ അതിൽ നിന്നിറങ്ങി. ഒരുപാടു പഴയ ഓർമകളുടെ സ്മാരകമായി ആ വീട് നിലകൊണ്ടു. വീട്ടിലേക്ക് കേറിയപ്പോൾ ഒരുപാടു ഓർമകൾ അവളെ അലട്ടി. അതാ ആ മുറ്റത്ത് അവൾ പണ്ട് നട്ടു പിടിപ്പിച്ച പനിനീർച്ചെടി നിറയെ പൂത്തുനിൽക്കുന്നു. അവൾ അതിൽ നിന്നു ഒരു പൂ പറിച്ചു. അവളുടെ കണ്ണുനീരിൽ ആ പൂവ് നനഞ്ഞു. അവൾ ലണ്ടനിലേക്ക് പോകാനിറങ്ങിയപ്പോൾ കാത്തിരിപ്പോടെ ആ പടിക്കൽ നിന്ന അവളുടെ അനുജത്തിയുടെ മുഖം ആർദ്രയുടെ മനസ്സിൽ മിന്നിമറഞ്ഞു.

# മനുഷ്യന് പ്രകൃതി നൽകുന്ന പാഠം

*ഉപന്യാസം*

*സാന്ദ്ര എൽ    IX A*

പ്രകൃതി അമ്മയാണ്, അമ്മയോളം സ്നേഹമുള്ളവളാണ് എന്നെല്ലാം നാംപറയാറുണ്ട്. എങ്കിലും നാം മനുഷ്യർ, പ്രകൃതിയോട് കാട്ടുന്ന ക്രൂരതക്ക് എന്തെങ്കിലും കുറവുണ്ടോ? പ്രകൃതിയിലെ സൗഭാഗ്യങ്ങൾ വേണ്ട വിധത്തിൽ കൈകാര്യം ചെയ്യാൻ നമുക്ക് ഒട്ടും അറിയില്ല. അങ്ങനെ ഉണ്ടായിരുന്നെങ്കിൽ കാടുകൾ കാടുകളായിത്തന്നെ ഇരുന്നേനെ. ഇങ്ങനെ തുടർന്നു കൊണ്ടിരിക്കുന്ന ക്രൂരതകൾ,തന്നെ എത്രത്തോളം വേദനിപ്പിച്ചുവെന്നും തന്റെ മക്കൾക്ക് പ്രകൃത്യാംബ , കേരളം കണ്ടതിൽ വച്ച് ഏറ്റവും വലിയ പ്രളയ കെടുതിയിലൂടെ കാട്ടിക്കൊടുത്തു.

കനത്തതും ചെറിയതോതിലുമുള്ള മഴ തോടുകളെ, പുഴകളെ, കായലുകളെ എന്തിനു പറമ്പു നികത്തി നിർമ്മിച്ച പടുകൂറ്റൻ വീടുകളെ വരെ വിഴുങ്ങി. പ്രകൃതിയുടെ മുന്നിൽ ധനികനെന്നോ പാവപ്പെട്ട വനെന്നോ, കുടിലിലുള്ള വനെന്നോ, കൊട്ടാരത്തിലുള്ളവനെന്നോ എന്നൊ ന്നും നോക്കിയില്ല. അവനവൻ ചെയ്തതിന്റെ ഫലം തിരിച്ചുകൊടുത്തു. തന്നെ ചൂഷണം ചെയ്തു അപകരിച്ച തെല്ലാം പ്രകൃതി തിരിച്ചെടുത്തു. ഇത് ഒരു പാഠമാണെന്നു മനസ്സിലാക്കിയവർ ഇത്രയുണ്ടെന്നു അറിയില്ല. എങ്കിലും ഇനി ഓരോ മലയുടെ മേലിൽ ജെസിബി യുടെ കൈകൾ താഴുമ്പോൾ പേമാരിയും ഉരുൾപൊട്ടലും ഒരു മിന്നായമായിട്ടെങ്കിലും അവരുടെ മനസിലൂടെ കടന്നുപോകുമെന്നുറപ്പ്.

താന്താൻ ചെയ്യുന്നതിന്റെ ഫലം താന്താൻതന്നെ അനുഭവിക്കും. എന്നാൽ ഒരാൾ ചെയ്യുന്നതിന്റെ ഫലം അയാൾ മാത്രമാണോ അനുഭവിക്കുന്നത്? അല്ലാ. വികസനത്തിന്റെ പേരിൽ കാടും, തോടും നികത്തുന്നവർക്കു എതിരെ ഒരു

മുദ്രാവാക്യം മതി "പ്രകൃതിയെ നശിപ്പിച്ചു കൊണ്ട് ഒരു വികസനവും

കേരളജനതയ്ക്കു വേണ്ട. ഇനിയും പ്രകൃതിയെ നശിപ്പിക്കാനാണ് ഉദ്ദേശമെങ്കിൽ അടുത്ത പാഠം പ്രളയമൊന്നുമാകില്ല സർവനാശമാകും ഫലം.

പ്രകൃതിയുടെ വാരദാനമാണ് പുല്ലു മുതൽ മനുഷ്യൻ വരെ. മനുഷ്യൻ മറ്റുള്ളവരിൽ നിന്നും വ്യത്യാസപ്പെട്ടു കാണുന്നു വർണത്തിന്റെ പേരിൽ, ജാതിയുടെ പേരിൽ, സമ്പത്തിന്റെ പേരിൽ. എന്നാൽ ഒരു പ്രളയം കഴിഞ്ഞപ്പോൾ മനുഷ്യ സമൂഹം തിരിച്ചറിഞ്ഞു. നമുക്ക് ഒരു ജാതിയെ ഉള്ളൂ മനുഷ്യജാതി.അഭയാർത്ഥി ക്യാമ്പുകളിൽ ഒരു കുടുംബത്തെ പോലെ പല ദിക്കിലുള്ളവർ പല വിഭാഗത്തി ലുള്ളവർ, ഒത്തുരുമയോടെ കഴിഞ്ഞു കൂടി. മനുഷ്യന് പ്രകൃതി നൽകിയ ഏറ്റവും വലിയപാഠം. ഒരുപക്ഷെ ഈയൊരു കാഴ്ചക്ക് സാക്ഷിയാകാനായിരിക്കും പ്രകൃതി ഈയൊരു വികൃതി കാണിച്ചത്.

പ്രകൃതി നമുക്ക് വലുതും ചെറുതുമായഅനേകം പാഠങ്ങൾ തന്നു. ഇതൊന്നും പ്രശ്നമില്ല എന്ന മനുഷ്യന്റെ ഭാവമാണ് ഇത്തരം കെടുതിയിലേക്ക് കേരളജനതയെ നയിച്ചത്. നമ്മുടെ കൈ മുറിഞ്ഞാൽ നമുക്ക് വേദനിക്കും. അതുപോലെയാണ് പ്രകൃതിയും. പ്രകൃതിയിലെ ഓരോന്നിനും നശിപ്പിക്കുമ്പോൾ പ്രകൃതിക്കുണ്ടാകുന്ന വേദന അതിരില്ലാത്തതാണ് ഒരു പരുതി വരെ അതു സഹിക്കും . അതിരു കടന്നാൽ ഉണ്ടാകുന്ന ഭവിഷ്യത്തിനെ നേരിടാൻ ആർക്കും കഴിയില്ല.. തന്റെ മക്കൾ തെറ്റ് കാണിച്ചാൽ അത് തിരുത്തേണ്ട കടമ അമ്മയ്ക്കുണ്ട് നമ്മുടെ അമ്മയാകുന്ന പ്രകൃതി തന്ന പാഠം ഉൾക്കൊണ്ട് കൊണ്ട് നല്ലതുമാത്രം ചെയ്തു പ്രകൃതിയെ സംരക്ഷിച്ചും മറ്റുള്ളവർക്ക് നന്മ ചെയ്തുകൊണ്ട് വേണം ഇനിമുന്നേറാൻ.പ്രകൃതിയെ സംരക്ഷിക്കുക എന്നത് നമ്മുടെ കർത്തവ്യമാണ് .കാരണം പ്രകൃതിയുണ്ടെങ്കിലേ നാം ഓരോരുത്തരും ഉണ്ടാവുകയുള്ളു.

# സ്നേഹം തേടുന്ന വാർദ്ധക്യം



***ലേഖനം***



നന്ദന അജികുമാർ X C

ഉപയോഗം കഴിഞ്ഞ വസ്തുക്കൾ വലിച്ചെറിയുന്ന ലാഘവ ത്തോടെയാണ് ഇന്നു മാതാപിതാക്കളെ തെരുവിലേക്ക് ഉപേക്ഷി ക്കുകയും വൃദ്ധസദന ങ്ങളിലാക്കുകയും ചെയ്യുന്നത്. പ്രായമായവരെ കുടുംബങ്ങളിൽ നിന്നും പുറംതള്ളി വൃദ്ധസദനങ്ങളിലേക്കുഅയക്കുന്നത് കുഞ്ഞുങ്ങളെ സ്കൂളിൽ ചേർക്കുന്നതു പോലെ ലളിതവും സ്വാഭാവികയു മായ ഒരു നടപടിയായി ഇന്ന് മാറിയിരിക്കുന്നു. വളർന്നു വരുമ്പോൾ വളർച്ചയുടെ ഭാഗമായി ശരീരത്തിനും മനസ്സിനും സ്വാഭാവികമായി സംഭവിച്ചുവരുന്ന ജൈവമാറ്റമാണു വാർദ്ധക്യമെന്നു നമ്മൾ തിരിച്ചറിയണം.

മക്കളുടെ സ്നേഹലാളനങ്ങൾ കൊതിക്കുന്ന മതാപിതാക്കളുടെ എണ്ണം പെരുകികൊണ്ടിരിക്കുന്നു. കൂട്ടുകുടുംബത്തിൽ നിന്നും അണു കുടുംബ ത്തിലേക്കുള്ള മാറ്റം, തിരക്കേറിയ ജീവിതം, മത്സരബുദ്ധി, സ്വാർത്ഥത ഇതെല്ലാം കുടുംബത്തിന്റെ കെട്ടുറപ്പിനെ സാരമായി ബാധിച്ചു കഴിഞ്ഞു. മുത്തശ്ശിക്കഥ കേൾക്കാതെയും നാടിന്റെ സംസ്കാരത്തിന്റെ ഭാഗമായ കലകളെ കുറിച്ച റിയാതെയും മണ്ണിലിറങ്ങാതെയുമെന്തിന് ഏറെ പറയുന്നു മാതൃഭാഷയെപ്പോലും

തള്ളിപ്പറയുന്ന തരത്തിലാണ് ഇന്നത്തെ തലമുറ വളർന്നു വരുന്നത്. നാളത്തെ

ഭാവിവാഗ്ദാനങ്ങളായ ഇന്നത്തെ മക്കളിലൂടെയാണ് അടുത്ത തലമുറയെ സൃഷ്ടിക്കേണ്ടത് . അവർ ഇത്തരം നീചമായ പ്രവൃത്തികൾ കണ്ടു വളരാൻ ഇടയാകരുത്. പച്ചയായ ജീവിതത്തെ അടുത്തറിഞ്ഞു ജീവിക്കുമ്പോൾ മാത്രം രൂപപെടുന്നതാണു മൂല്യങ്ങൾ. കൊടുക്കുന്നത് മാത്രമേ തിരിച്ചു കിട്ടുവെന്ന യാഥാർഥ്യം നാം മനസിലാക്കണം അതിനാൽ നമുക്ക് ജന്മം തന്ന മാതാപിതാക്കളെ ദൈവത്തെപ്പോലെ പൂജിക്കുക. ജീവിതസായാഹ്നം ഇളംതലമുറ ക്കൊപ്പമാകണം. അല്ലാതെ പിന്നാമ്പുറകോലായിലും ഇരുട്ടുമുറികളിലും വൃദ്ധസദനകളിലും കഴിയേണ്ടവരല്ല അവരെന്ന് നാം തിരിച്ചറിയണം. അതിനാൽ ഇന്നത്തെ തലമുറയെങ്കിലും അവരെ സ്നേഹിക്കാൻ പഠിക്കുക. അകറ്റിനിർത്താതെ ഒപ്പംനിർത്തി നിങ്ങൾ കുഞ്ഞായിരുന്ന പ്പോൾ പരിചരിച്ചപോലെ വാർധക്യത്തിൽ അവരെ പരിചരിക്കുക വാർദ്ധക്യം ഒരു ശാപമല്ല നേട്ടമാണ് എന്ന് കരുതുക.

**********

# കടം കഥകൾ

1) അപ്പാട്ടെ പട്ടിക്ക് നാക്കിൽ പല്ല് - ചിരവ

2) അതാ പോകുന്നു,ഒന്നിങ്ങു പിടിച്ചാൽ ആയിരം പൊൻമണം സമ്മാനം - കാറ്റ്

3) അച്ഛൻ തന്ന ചേല മുക്കിട്ടും മുക്കിട്ടും നനയുന്നില്ല – താമരയില

4) അടയ്ക്കും തുറക്കും മണിമുത്തിൻ പത്തായ – കണ്ണ്

5) അഴിയെറിഞ്ഞ അമ്പലത്തിൽ കിളിയിരുന്നു ചിലക്കുന്നു - നാവ്

# തിരിച്ചറിവ്

### *ഉപന്യാസം*



*അശ്വതി സജികുമാർ X B*

പ്രകൃതി ദൈവത്തിന്റെ വരദാനമാണ്. മനുഷ്യ ജീവിതത്തിന് ആവശ്യമായതെന്തും പ്രകൃതി കനിഞ്ഞു നൽകുന്നു. ആ പ്രകൃതിയുടെ നിലനിൽപ്പ് മനുഷ്യരുടെ നിലനിൽപ്പിനു അത്യന്താപേക്ഷിതമാണ് . ഒരു കാലത്തു പ്രകൃതിയെ അമ്മയായി കണ്ടു സംരക്ഷിച്ചവരായിരുന്നു മനുഷ്യർ. ഭക്ഷണത്തിനും, വസ്ത്രത്തിനും, പാർപ്പിടത്തിനും എന്നു വേണ്ട എല്ലാ ആവശ്യങ്ങൾക്കും പ്രകൃതിയെ മനുഷ്യൻ ആശ്രയിച്ചിരുന്നു. തീർത്തും പ്രകൃതിയോടിണങ്ങിയുള്ള ജീവിതമായിരുന്നു അവരുടേത്.. കാലം അവരെ പ്രകൃതിയിൽനിന്നും അകറ്റാൻ തുടങ്ങി ആവശ്യങ്ങൾക്ക് പ്രകൃതിയെ ആശ്രയിച്ചിരുന്നവർ അനാവശ്യ ധൂർത്തിനുവേണ്ടി പ്രകൃതിയെ ചൂഷണം ചെയ്യാൻ തുടങ്ങി. എന്നിട്ടും എല്ലാം സഹിച്ചു അമ്മയെ പോലെ പ്രകൃതി നിലകൊണ്ടു.

മനുഷ്യർ പണത്തിനു വേണ്ടി മരങ്ങൾ വെട്ടി നശിപ്പിച്ചും, പ്രകൃതിവിഭവങ്ങൾ കൊള്ളയടിച്ചും,വനങ്ങൾ കൈയേറിയും, പുഴകളും മറ്റു ജലാശയങ്ങൾ മലിനമാക്കിയും, മലകൾ ഇടിച്ചും, കൃഷിസ്ഥലങ്ങൾ നികത്തിയും

പ്രകൃതിയെ നശിപ്പിച്ചു കൊണ്ടേയിരുന്നു. "ദൈവത്തിന്റെ സ്വന്തം നാട് "എന്ന് വിശേഷിപ്പിച്ചിരുന്ന കേരളത്തെ ഇന്ന് മരുപ്പറമ്പാക്കി മാറ്റികൊണ്ടിരിക്കുന്നു. മനുഷ്യരുടെ ഇത്തരം പ്രവൃത്തികൾ കാലാവ സ്ഥയെ തകിടം മറിച്ചു. പക്ഷികളുടെയും, മൃഗങ്ങളുടെയും വാസസ്ഥലം ഇന്ന് പൂർണമായും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഇങ്ങനെ പ്രകൃതിയെ ഇഞ്ചിഞ്ചായി കൊല്ലുന്ന മനുഷ്യർ അറിയുന്നില്ല പ്രകൃതി നശിച്ചുപോകുമെന്നകാര്യം. പ്രകൃതി നശിച്ചാൽ മനുഷ്യനും നശിക്കുമെന്ന കാര്യം നമുക്ക് ഉറപ്പിച്ചു പറയാം.

മനുഷ്യരുടെ ക്രൂരതകളുടെ പ്രതീകമാണ് ഇന്നു നിലകൊള്ളുന്ന പ്രകൃതി. മനുഷ്യരുടെ വിവേകശൂന്യമായ പ്രവൃത്തികൾ വരുത്തി വയ്ക്കുന്ന ദോഷങ്ങൾ എത്ര വലുതാണെന്ന് പറഞ്ഞറിയിക്കാൻ കഴിയില്ല. എങ്കിലും അതിന്റെ ചെറിയ സൂചനകൾ പ്രകൃതി തന്നെ മനുഷ്യർക്കു കാണിച്ചു കൊടുക്കുന്നു. ഇക്കാലയളവിൽ ഉണ്ടായ പ്രളയവും മറ്റു പ്രകൃതിദുരന്തങ്ങളും ഇങ്ങനെയുള്ള സൂചനകളാണ്. പക്ഷെ ഇതൊന്നും തിരിച്ചറിയാതെ ഇനിയും ഇത്തരം ക്രൂരതകൾ തുടരുന്നുവെങ്കിൽ ഓർക്കുക സർവനാശമായിരിക്കും ഫലം .

*************

# കുസൃതിചോദ്യങ്ങൾ

1) ആസന്നമൃത്യുവായ രോഗിക്കു നൽക്കേണ്ട ശ്വാസമേത് ?

ആശ്വാസം

2) ഒരിക്കലും ഒടിയാത്ത വില്ല്?

മഴവില്ല്

3) ഒരിക്കലും പൂക്കാത്ത മാവ്?

ആത്മാവ്

4) ഒരിക്കലും തുരുമ്പുപിടിക്കാത്ത ആണി? ബിരിയാണി

# അമ്മ എന്റെ ഗുരുനാഥ

***അനുഭവക്കുറിപ്പ്***

അന്നമ്മ ജോർജ്

എന്റെ കുടുംബത്തിൽ മൂന്നാമത്തെയാളാണ് ഞാൻ. എനിക്ക് അഞ്ചു വയസുള്ളപ്പോൾ അമ്മ എന്റെ അനുജത്തിയെ പ്രസവിക്കാനായി ആശുപത്രിയിലേക്ക് പോയി. അതൊരു ജൂൺ മാസമായിരുന്നു. എനിക്ക് ഒന്നാംക്ലാസ്സിൽ പ്രവേശനം നേടാനുള്ള സമയമായിരുന്നു. എന്നാൽ ആശുപത്രിയിൽ അമ്മയുടെ പ്രസവവുമായി ബന്ധപ്പെട്ട് തിരക്കായതിനാൽ എന്നെ ഒന്നാംക്ലാസ്സിൽ ആ വർഷം ചേർക്കാൻ അച്ഛന് സാധിച്ചില്ല.

അങ്ങനെയിരിക്കെ കുറച്ചു ദിനങ്ങൾക്കു ശേഷം അമ്മ കുഞ്ഞുമായി വീട്ടിൽ എത്തിച്ചേർന്നു. വീട്ടിൽ എത്തിയ ശേഷമാണ് "അമ്മ അറിയുന്നതു തന്നെ സ്കൂളിൽ ചേർത്തിട്ടില്ലായെന്നത് അമ്മക്ക് സഹിക്കാൻ കഴിഞ്ഞില്ല". അമ്മ നടത്തുന്ന ഒരു നഴ്സറി സ്കൂൾ ഉണ്ടായിരുന്നു. അവിടെ കുറെ കുട്ടികളുണ്ട്. അവിടെയിരുന്നു ഞങ്ങൾ അക്ഷരങ്ങൾ പഠിച്ചിരുന്നു. അമ്മ എന്നെ ഒന്നാം ക്ലാസ്സിലെ അക്ഷരങ്ങളും കഥകളും പാട്ടുകളും എനിക്ക് പഠിപ്പിച്ചു തന്നു. അങ്ങനെ അമ്മയുടെ ശിക്ഷണത്തിൽ ഒന്നാം ക്ലാസ്സിലെ പാഠങ്ങൾ എല്ലാം പഠിച്ചു . പിറ്റേ വർഷം എന്നെ ഒന്നാം ക്ലാസ്സിൽ ചേർക്കാൻ സ്കൂളിൽ കൊണ്ട് പോയപ്പോൾ അമ്മ ഹെഡ്മാസ്റ്ററോട് ഈ സംഭവങ്ങളെല്ലാം പറഞ്ഞു. അദ്ദേഹം എല്ലാം കേട്ട ശേഷം ഒന്നാം ക്ലാസിലെ പാഠം കുറച്ചു വായിക്കാൻ ആവശ്യപ്പെട്ടു. ഞാൻ നന്നായി വായിച്ചു കേൾപ്പിച്ചു. ഹെഡ്മാസ്റ്റർ അതിൽ തൃപ്തി തോന്നി എനിക്ക് രണ്ടാം ക്ലാസ്സിലേക്ക് സ്ഥാനകയറ്റം തന്നു.അങ്ങനെ എന്റെ അമ്മ എന്റെ ഗുരുനാഥയുമാണ്. ജീവിതത്തിലുണ്ടായ പല പ്രതിസന്ധികളിലും അമ്മ എനിക്ക് താങ്ങായി നിന്നിട്ടുണ്ട്. എന്റെ ഭാഗ്യവും അതാണ്. "ഞാൻ അമ്മയുടെയും അച്ചാച്ചന്റെയും മകളായി ജനിച്ചു എന്നതും."

# അമ്മ




**കവിത**

ക്രിസ്റ്റീനാ ആർ

ഒരുകുഞ്ഞിളം നാവിൽ

നിന്നാദ്യമായി മൊഴിയുന്നിതാ

അമ്മയെന്ന രണ്ടക്ഷരം പകരം

വെയ്ക്കാനാകില്ലൊരിക്കലും

അമ്മയെന്ന നന്മയെ

സ്നേഹത്തിൻ പൊലിവായ്

ത്യാഗത്തിൻ പാതയായ് മാറുന്നീ മുഖം

ശാന്തിതൻ നിനവായ്

സത്യത്തിൻ കനിവായ്

അമ്മയെ വർണിച്ചു തീരില്ലൊരിക്കലും

ഒരു കവിയും  ഒരു നാവും.

സൂര്യൻ തൻ നിറശോഭയാൽ

പ്രകാശിക്കുന്നു ലോകത്തിൽ .

വെളിച്ചമായി കുടുംബത്തിൽ നാഥയായ്,

കെടാവിളക്കായ്, വഴികാട്ടിയായ്

വർത്തിക്കുന്നു ഈ ലോകത്തിൽ

ചിന്തിക്കാനാകില്ലീ ലോകത്തിൽ

അമ്മയെന്ന നന്മയില്ലാതെ

നന്മയും തിന്മയും ഓതിക്കൊടുക്കുന്നു

അറിവില്ലാത്തവരാം തൻ മക്കൾക്കായ്

അമ്മതൻ കൈ പിടിച്ചാദ്യമായ്

പോകുന്നു അക്ഷരം നുകരാൻ വിദ്യാലയത്തിൽ.

************

## കുസൃതിചോദ്യങ്ങൾ

1) മോങ്ങാനിരിക്കുന്ന നായയുടെ തലയിൽ തേങ്ങ വീണാൽ എന്തായിരിക്കും സംഭവിക്കുക?

നായയുടെ കുടുബം അനാഥമാകും

2) ഏറ്റവും കൂടുതൽ വേദനിപ്പിക്കുന്ന രാജ്യം?

spain = pain

3) കടലിലും കായലിലും ഇല്ലാത്ത വാള?

സവാള

4) ഏറ്റവും വിലപിടിപ്പുള്ള റൂം?

ഷോറൂം

5) രാമൻ തെങ്ങിൽ കയറിയത് ഭൂതകാലം.എങ്കിൽ രാമൻ തെങ്ങിൽ നിന്നും വീഴുന്നതു ഏതു കാലം?

കഷ്ടകാലം

6) ലോകത്തിലെ ഏറ്റവും വലിയ സംഖ്യ?

ജനസംഖ്യ

# പുതിയ തലമുറ

**_കവിത_**



*പവന VIII C*

സ്നേഹത്തിൻ കൊടിപിടിക്കാം കൂട്ടരേ,
സാഹോദര്യത്തിൻ കഥ പറയാം കൂട്ടരേ,
അനീതിക്കെതിരെ അണിനിരക്കാം
ഒത്തൊരുമയോടെ  പൊരുതാം
ഒരു നിമിഷം നിൽക്കണേ
നമ്മെയോർത്തു കേഴുന്നൊരമ്മതൻ
ആർത്തനാദം കേൾക്കണേ
പാലൂട്ടിവളർത്തി,കൈ പിടിച്ചു നടത്തി
സ്നേഹത്തിൻ ആദ്യാക്ഷരം ഓതിതന്നോരമ്മ
നമ്മെ പോറ്റി വളർത്തിയോരച്ഛൻ
കാലത്തിൻ പുസ്തകത്താൾ മറിയുമ്പോൾ
നാളെ നമ്മളാകും ആ അമ്മ
കാലം നമ്മെയാക്കും ആ അച്ഛൻ
ഉയർന്നു വരുമൊരു തലമുറ
നാളെ അവരെങ്ങനെയാവും!
പറയൂ കൂട്ടരേ,അവരെങ്ങനെയാവണം?

# MY MOM



***Poem***

*Dileep VIII C*

My mother is lovely

She loves me lot

She is an ideal women

She takes painful all my needs

She loves me even before my birth

A still loves me as I grow

She is hard working

She does all household works

Oh!i love my mother

She is always ready with a smile

I don't want another mother

even in my next life.

*********

# അധ്യാപകദിനം



നന്ദന അജികുമാർ X C




ഭക്തകവിയായ സൂർദാസ് ഇങ്ങനെ പറയുന്നു. ഈശ്വരനും ഗുരുവും എന്റെ മുമ്പിൽ വന്നു നിന്നാൽ ഞാനാദ്യം ഗുരുവിനെ നമസ്കരിക്കും. എന്താണെന്നോ ഈശ്വരനെ കാണാനുള്ള ശക്തി എനിക്ക് പ്രദാനം ചെയ്തത് ഗുരുവാണ്. ഗുരുവിനെ അധ്യാപകനെ പ്രാചീനഭാരതം എത്ര ഉൽകൃഷ്ടമായിട്ടാണ് കണ്ടതെന്ന് ഈ വരികളിൽ നിന്ന് ബോധ്യമാകും. അരിസ്റ്റോട്ടിന്റെ ഒരു വാക്യം കൂടെ ഉദ്ധരിക്കട്ടെ. രക്ഷിതാക്കളെക്കാൾ കൂടുതലായി നാം ബഹുമാനിക്കേണ്ടത് ഗുരുക്കന്മാരെയാണ്. എന്തെന്നാൽ രക്ഷിതാക്കൾ കുട്ടികൾക്കു ജീവിതം നൽകുന്നു. നല്ല പൗരന്മാരെ വാർത്തെടുക്കാനുള്ള മൂശയാണ് വിദ്യാലയങ്ങൾ. വ്യക്തിത്വമുള്ള ഒരു ജനത വളർന്നു വരാൻ വ്യവസായവിപ്ലവം കൊണ്ട് കഴിയില്ല. അടിസ്ഥാനപരമായി വിദ്യാഭ്യാസത്തിനു മാത്രമേ നല്ല കുട്ടികളെ സംഭാവന ചെയ്യാൻ കഴിയു.

രാജ്യത്തിൻെറ യഥാർത്ഥ സൃഷ്ടികളാണ് അധ്യാപകർ. രാഷ്ട്രം എന്നു പറഞ്ഞാൽ ക്രിയാത്മകവും പുരോഗമനാത്മാകവുമായ ചിന്തയിൽ മുഴുകി കഴിയുന്ന ജനങ്ങളുടെ സംഘാതം എന്ന അർഥത്തിലാണ് മുകളിൽ സൂചിപ്പിച്ച വാക്യം എഴുതിയത്. രാജ്യത്തിൻെറ യഥാർത്ഥ സൃഷ്ടാക്കൾ എന്നു പറഞ്ഞത് രാജ്യത്തെ പുരോഗതിയിലേക്ക് ജനതയെ വാർത്തെടുക്കുന്നവർ എന്ന

അർഥത്തിലാണ്. വളരെ ശ്രദ്ധയോടെയും കരുതലോടെയും പ്രവർത്തിക്കുന്ന അധ്യാപകരുണ്ടെങ്കിൽ ജനതയെ രാഷ്ട്ര പുരോഗതിക്കുതകുന്ന തരത്തിൽ വളർത്തി എടുക്കാൻ കഴിയും.

ആധുനിക കാലത്ത് ഗുരുശിഷ്യബന്ധത്തിൽ പരിശുദ്ധിയുടെ അളവ് തന്നേ കുറവായിരുന്നു. എന്താണിതിനുകാരണം? അധ്യാപകനും വിദ്യർഥിയും തമ്മിലുള്ള ബന്ധം അധ്യാപകർതന്നെ വഷളാക്കിയത് ഒരു കാരണം പഠിപ്പിക്കലിനോടൊപ്പം വിദ്യാർഥിയുടെ മുന്നിൽ അധ്യാപകർ മാതൃകയുമാകണം. അധ്യാപകൻെറ സ്വാകിയാവശ്യങ്ങൾക്ക് വിദ്യാർഥിയെ ഉപയോഗിക്കുക തുടങ്ങിയ രീതികൾ ഉണ്ടായപ്പോൾ വിദ്യാർഥി അധ്യാപകൻെറ മേൽവച്ചിരുന്ന ബഹുമാനം നഷ്ടപ്പെടാൻ ഇടയായി. പുരാതനകാലത്ത് നിലനിന്നിരുന്ന ഗുരുകുല സമ്പ്രദായത്തിൽ ശിഷ്യൻ പൂർണമായും ഗുരുവിനു വിധേയനായിരുന്നു. ഗുരു പറയുന്ന തായിരുന്നു പ്രമാണം. വിദ്യാലയത്തിൽ വിദ്യാർഥിയെ നിയന്ത്രിക്കുന്നത് ബാഹ്യശക്തികളാണ്. അവർക്ക് വിദ്യാർഥികളുടെ നന്മ വിഷയമല്ല. രാജ്യത്തിൻെറ പരസ്പര്യശക്തിയും വിഷയമല്ല.അവർക്ക് വേണ്ടത് സംഘടിതശക്തി മാത്രമാണ്. ഈ സംഘടിതശക്തിയെ രാഷ്ട്രീയമായി ചൂഷണം ചെയ്യുകയാണെങ്കിൽ,അത് വിദ്യാഭ്യാസമേഖലയെ തികഞ്ഞ അരാജകത്വത്തിലേക്കു നയിക്കുകയേ ഉള്ളൂ.

കുട്ടികളോടുള്ള സ്നേഹവും തൊഴിലിനോടുള്ള പവിത്രതയും കൂടിച്ചേരുമ്പോഴാണ് ഒരുവൻ പൂർണ അധ്യാപകനാകുന്നത് എന്ന് ടോൾസ്റ്റോയി പറഞ്ഞിട്ടുണ്ട്. നമ്മുടെ അധ്യാപകരിൽ ഏറെയും അധ്യാപകവൃത്തി തൊഴിൽ ആയി കാണുന്നു. അധ്യാപകവൃത്തി വെറുമൊരു തൊഴിലല്ല. പണ്ട് ഗുരുകുലത്തിൽ കുട്ടികളുടെ നന്മ മാത്രമായിരുന്നു ഗുരുവിൻെറ ലക്ഷ്യം. സ്വന്തം സന്താനങ്ങളുടെ ഭാവി രൂപപ്പെടുത്തുന്നതിൽ രക്ഷിതാക്കൾ വഹിക്കുന്ന പങ്കിനുതുല്യമായിരുന്നു ഗുരുകുലത്തിലെ അധ്യാപകർ ചെയ്തിരുന്ന പ്രവർത്തനങ്ങൾ. സാന്ദിപനിയുടെ

നികടത്തിൽ പഠിച്ച കണ്ണൻെറയും കുചേലൻെറയും കഥ പ്രശസ്തമാണല്ലോ. ഇന്ന് അധ്യാപകർ തങ്ങളുടെ പവിത്രകർമത്തെ വെറും തൊഴിലായി കാണുന്നു. സാമ്പത്തിക വരുമാനമുള്ള തൊഴിൽ എങ്ങനെയെങ്കിലും കടമകൾ നിർവഹിക്കണമെന്നും മാത്രമെ അവർ കരുതുന്നുള്ളൂ. തൊഴിലായി അധ്യാപനത്തെ കാണുന്നവരുമില്ലാതില്ല. കുട്ടിക്ക് പഠിക്കാൻ പ്രചോദനം നൽകുകയാണ് ഉത്തമ അധ്യാപകരുടെ കടമ. എന്നാൽ ഇന്ന് രാഷ്ട്രീയ ലക്ഷ്യത്തോടുള്ള സംഘടനാപ്രവർത്തനങ്ങൾ അധ്യാപകരെയും വിദ്യാർഥികളെയും ഒരുപോലെ മൂല്യച്യുതിയിൽ എർപ്പെടുത്തിയിരിക്കുകയാണ്.

അധ്യാപകരുടെ അർപ്പണബോധത്തെയും സഹിഷ്ണുതയെയും ബഹുമാനിക്കേണ്ടത് രാഷ്ട്രത്തിനാവശ്യമാണെന്ന ചിന്തയിൽ നിന്നാണ് അധ്യാപകദിനം ആചരിക്കാൻ തിരുമാനിച്ചത്. അധ്യാപകദിനമായി തെരഞ്ഞെടുത്തത് ഭാരതം എക്കാലവും ആദരിക്കുന്നു. പ്രഗത്ഭ അധ്യാപകനും ഇന്ത്യയുടെ രാഷ്ട്രപതിയുമായിരുന്ന ഡോക്ടർ എസ് രാധാകൃഷ്ണൻെറ ജന്മദിനമായ സെപ്റ്റംബർ 5 ആണ്. 1961 മുതൽ എല്ലാ വർഷവും സെപ്റ്റംബർ 5 അധ്യാപകദിനമായി ആചരിച്ചുവരുന്നു അധ്യാപകരുടെ സാമൂഹിക സാമ്പത്തിക പദവിമെച്ചപ്പെടുത്തുക വിദ്യാഭ്യാസരംഗത്ത് അവരുടെ പ്രവർത്തനം ഫലപ്രദമാകുക എന്നീ ലക്ഷ്യങ്ങൾ നിറവേറ്റാനുള്ള കർമപരിപാടിക്കു രുപംകൊടുക്കാനും ഈദിനം പ്രയോജനപ്പെടുത്തുന്നു.

####

# പ്രളയം

*കഥ*



*ഷഹ്ന IX C*

പതിവുപോലെ സൂര്യൻ കിഴക്കുദിച്ചു. പക്ഷേ സൂര്യരശ്മികൾക്ക് ഭൂമിയിൽ പതിക്കാൻ എന്തോ തടസ്സം. മഴമേഘങ്ങൾ അതിന് അനുവദിക്കുന്നില്ലത്രേ.... അതേ കോരിച്ചൊരിയുന്ന മഴ. സുഹറയ്ക്ക് സ്കൂളിൽ പോകാനും കഴിയുന്നില്ല. ഉമ്മ അകത്തുനിന്നും ഉച്ചത്തിൽ വിളിക്കുന്നുണ്ട്. മോളേ അകത്തേയ്ക്ക് കയറ് നല്ല മഴ. സുഹറയുടെ ഉപ്പാക്ക് ജോലിക്കൊന്നും പോകാൻ കഴിയില്ല. കിടപ്പാണ് സുഹറയ്ക്ക് ഒരു സഹോദരൻ കൂടിയുണ്ട് അഫ്സൽ. മദ്രാസിൽ പഠിക്കുകയാണ്. തന്റെ ഉമ്മ വീട്ടുജോലിക്കു മാത്രം പോയിക്കിട്ടുന്ന വരുമാനം കൊണ്ട് ഒന്നും നടക്കില്ലെന്ന് അവനറിയാം.എല്ലാ മാസവും രണ്ട് ദിവസം വീട്ടിൽ വന്നുപോകുക പതിവാണ്. ഇക്കാക്ക വരുന്ന ദിവസം സുഹറയ്ക്ക് ഉത്സവമാണ്. അവൾക്ക് വേണ്ടി അഫ്സൽ എന്തെങ്കിലും കരുതാതിരിക്കില്ല. പതിവുപോലെ പൊന്നനുജത്തിക്കായിയുള്ള വാങ്ങിയ സാധനങ്ങളുമായി അഫ്സൽ നാട്ടിലെത്തി. എത്ര കഷ്ടപ്പാടുണ്ടായാലും മകൻ വരുന്ന ദിവസം വീട്ടിൽ വിഭവസമൃദ്ധമായ ഭക്ഷണമാണ് ഉമ്മ ഒരുക്കാറ്. കളിയും ചിരിയും തമാശകളുമായി

ഒരവധി ദിവസം കൂടി കടന്നുപോയി.അഫ്സൽ തിരികെ പോവുകയും ചെയ്തു. ഓരോ ദിവസം കഴിയുന്തോറും മഴ കലിതുള്ളി പെയ്തുകൊണ്ടേയിരുന്നു. നദികളും

പുഴകളും നിറഞ്ഞൊഴുകി. മരങ്ങൾ കടപുഴകി. മിണ്ടാപ്രാണികൾ അടക്കം പലതും ഒഴുകി നടന്നു. പ്രകൃതി എന്തിനോ ഒരുങ്ങുന്നതുപോലെ. വിവരമറിഞ്ഞ് അഫ്സൽ നാട്ടിലേക്ക് പലതവണ വിളിച്ചു. പക്ഷേ ആരേയും ബന്ധപ്പെടാൻ സാധിച്ചില്ല. ഒടുവിൽ അഫ്സൽ നാട്ടിലേക്ക് തിരിച്ചു.പക്ഷേ വെള്ളപ്പൊക്കവും നിർത്താതെയുള്ള മഴയും കാരണം അഫ്സലിനു നാട്ടിലെത്താൻ സാധിച്ചില്ല. മൂന്നു ദിവസം എവിടെയൊക്കെയോ കഴിഞ്ഞുകൂടി.വീട്ടിലേക്കുള്ള വഴിയിൽ പതിവിലും വിപരീതമായ കാഴ്ചകളാണ് അവന് കാണാൻ സാധിച്ചത്. എല്ലാം പ്രകൃതി സ്വന്തമാക്കിയിരുന്നു.

മനസ്സിൽ ചെറിയ ഒരു പ്രതീക്ഷയുമായി എത്തിയ അവനെ കാത്തിരുന്നത് വെറും നിശബ്ദത മാത്രമായിരുന്നു.തനിക്കു വേണ്ടി ഒരായുസ്സു മുഴുവൻ കഷ്ടപ്പെട്ട് കിടപ്പിലായ ഉപ്പയും,തനിക്കു വേണ്ടി ഇപ്പോഴും കഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഉമ്മയും പിന്നെ തന്റെ ജീവനെക്കാളേറെ സ്നേഹിച്ച കുഞ്ഞുപെങ്ങളും തന്നെ വിട്ടു പോയിരുന്നു. ഈ ലോകത്തിൽ ഇനി താൻ തനിച്ചാണെന്ന സത്യം മനസ്സിലാക്കി കരയാൻ ഒരു തുള്ളി കണ്ണുനീരുപോലും ഇല്ലാതെ അവൻ തിരികെ നടന്നു.

സ്വാർത്ഥ താൽപര്യങ്ങൾക്കുവേണ്ടി പ്രകൃതിയോടും,പ്രകൃതിയുടെ മക്കളോടും ക്രൂരത കാണിക്കുന്ന മനുഷ്യാ....ഒന്നോർക്കുക!ദുഷ്ടരായ നിങ്ങൾ ചെയ്യുന്ന പ്രവൃത്തിക്ക് കാലം കലിതുള്ളി പകതീർക്കുന്നത് ഇതുപോലുള്ള നിഷ്കളങ്കരായ മനുഷ്യരോടാണ്. അതിൽ നിങ്ങളോ നിങ്ങളുടെ കുടുംബമോ ഉണ്ടാകാതിരിക്കട്ടെ....പ്രാർത്ഥിക്കാം എല്ലാവർക്കും നല്ലതിനുവേണ്ടി മാത്രം.

***********



# സ്വർണ്ണ താറാവ്

## ഗുണപാഠ കഥ

*നന്ദന അജികുമാർ X C*

ഒരിക്കൽ ഒരിടത്ത് കുടുബത്തിൽ നിന്ന് ആട്ടിപ്പുറ ത്താക്കപ്പെട്ട ഒരു പാവം മുത്തശ്ശിയുണ്ടായിരുന്നു. പ്രായമേറെ ചെന്നതിനാലും ജോലിയൊന്നും ചെയ്യാനാവാത്തതിനാലും  മക്കൾ അവരെ കൂടെ താവസിപ്പിച്ചില്ല. മുത്തശ്ശി എല്ലാ ദിവസവും പ്രാർത്ഥിച്ചു. തമ്പുരാനെ എന്നെ പെട്ടെന്ന് അങ്ങ് വിളിക്കണമേ, മക്കൾ പോലും കയ്യൊഴിഞ്ഞ എനിക്ക് ഇനി ജീവിക്കണമെന്നില്ല.'

ഒരു ദിവസം കതക് തുറന്ന് മുത്തശ്ശി അസാധാരണമായ ഒരു താറാവ് മുറ്റത്തു നിൽക്കുന്നതു കണ്ടു. താറാവ് വായ് തുറന്ന് സംസാരിക്കുന്നത് കണ്ടപ്പോൾ മുത്തശ്ശി അതിശയിച്ചു പ്പോയി. താറാവ് പറഞ്ഞു.'അല്ലയോ മുത്തശ്ശി എല്ലാ ദിവസവും മുത്തശ്ശിയുടെ പ്രാർത്ഥന ഞാൻ കേൾക്കാറുണ്ട്. ഇന്ന് മുതൽ മുത്തശ്ശി എല്ലാ ദിവസവും എൻെറ ഓരോ തൂവൽ  പിഴുതെടുക്കുക  അത് സ്വർണ്ണം ആയിത്തീരും. മുത്തശ്ശിയുടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാകും.' മുത്തശ്ശി ചോദിച്ചു'സ്വർണ്ണം കൊണ്ട് എന്താണ് നേടാനാവുക?" ഒരു തൂവൽ നൽകികൊണ്ട് താറാവ് പറഞ്ഞു. 'കാത്തിരുന്നു കാണുക.'

മുത്തശ്ശി അതിവേഗം സമ്പന്നയായി. പിന്നീട് എന്താണ് സംഭവിച്ചതെന്ന് അറിയാമോ?  അവരെ വിട്ടുപോയ ബന്ധുക്കളെല്ലാം തിരിച്ചുവന്നു. പിന്നീട് മുത്തശ്ശി സന്തോഷത്തോടെ ജീവിച്ചു.

ഗുണപാഠം :    ആത്മാർത്ഥതയോടുളള പ്രാർത്ഥന ദൈവം കേൾക്കും.



# ഏകാന്തത

കവിത

*അർജുൻ എം വി എച്ച് എസ് ഇ*

അസ്തമയത്തിനു നേരമായി എന്നു ചൊല്ലി
കടലിൽ മാറിലേക്ക് സൂര്യനും താണുപോയി
കൂട്ടം തെറ്റി പോയതാണോ അതോ
എൻ കൂട്ടുകാർ ഒറ്റപ്പെടുത്തി പോയതാണോ
ദിക്കുകൾ ഏതെന്നറിയാതെ
ഇരുട്ടിൽ ഞാൻ ഏകനായി
ചിറകുകൾ രണ്ടും തളർന്ന പോലെ
എന്നിൽ ഭാരം ഏറിയ പോലെ
മരണം എന്നെ വേട്ടയാടും പോലെ
എൻ ഹൃദയ തന്ത്രികൾ ത്രസിക്കുന്നു
മനസ് മരവിക്കും ഏകാന്തത
ഭയത്തിൽ പടുകുഴിയിൽ വീഴും നേരം
അമ്മയാം ഭൂമി എന്നെ മാടി വിളിക്കുന്നു
അമ്മതൻ മാറിൽ അന്ത്യവിശ്രമം കൊള്ളാൻ

കാലചക്രം ഏറെ കടന്നു പോയി

ദിക്കറിയാതെ കുഴങ്ങുന്നു ഞാൻ

എങ്ങു പോയി മറഞ്ഞു എൻ കൂട്ടരേ

ഏകാന്തതയാണ് ഇന്നെൻ കൂട്ടിനു

പൂർവദിക്മുഖത്തിങ്കൽ തേരിലേറി

സൂര്യാംശുക്കൾ എന്നെ തേടി വന്നു

ഇരുട്ടാകും പടയാളികൾ എങ്ങോ പോയി മറഞ്ഞു

ഭയമാം തടവറയിൽ നിന്നും ഞാൻ മോചിതനായി

അങ്ങകലെ നിന്നാരോ വരും പോലെ

എൻ കൂട്ടുകാർ എന്നെ  തേടിയെത്തി

എന്നെയും കൊണ്ടവർ പറന്നു പോയി

മഹിതാൻ ഏതോ കോണിലേക്ക്....

ഇന്നെൻ ജീവിതയാത്രയിൽ

അസ്തമയ സൂര്യനെയും കാത്ത്

ഏകാന്തതയെ  പുല്കി

ഇരുട്ടാകും തടവറയിൽ കഴിഞ്ഞിടുന്നു.

*************

# ഓർമ്മകൾ




***കഥ***

*അമൃത വി XII science*

ഞാൻ ചായ എടുത്തു നല്ല ചൂടുണ്ടായിരുന്നു. അയാൾ ജനലിലൂടെ പുറത്തോട്ടു നോക്കി. നല്ല മഴയുണ്ടായിരുന്നു.ഇതേ പോലുള്ള ഒരു മഴയായിരുന്നു അന്നും. ആ മഴ തന്നെയായിരുന്നു ഒരു വലിയ പ്രളയമായി മാറുകയും ചെയ്തത്. എല്ലാം ഇന്നലെ കഴിഞ്ഞതുപോലെ. നടന്നൊതൊക്കെ ഒന്നുകൂടി ഓർക്കുമ്പോൾ വീണ്ടും ഒരു മരവിപ്പ്. എന്തോ ഒരു ഭയം ! ആ ഭയം വീണ്ടും വീണ്ടും മനസ്സിലേക്ക് ആഞ്ഞടിച്ചു കൊണ്ടിരുന്നു. അന്ന് ഞാൻ മുറിയിൽ കിടക്കുകയായിരുന്നു പുറത്തു നല്ല മഴയായതിനാൽ അകത്തു നല്ല തണുപ്പുണ്ടായിരുന്നു. അതിനാൽ തന്നെ നല്ലൊരു ഉറക്കം സ്വപ്നം കണ്ടാണ് കിടന്നത്. എണീറ്റത്തിന് ശേഷവും മഴ തോരാതെ നിന്നപ്പോൾ ഉള്ളിൽ ഒരു ആശങ്ക വന്നു. ഈ മഴ ഇനി തോരുമോ? ഓരോ നിമിഷം കഴിയുന്തോറും മഴയുടെ ശക്തി കൂടിക്കൊണ്ടിരുന്നു. ടി വി ഇട്ടു നോക്കിയപ്പോൾ പേടിപ്പിക്കുന്ന വാർത്തകൾ ഓരോന്നായി വന്നു കൊണ്ടിരുന്നു. പലരുടെയും വീടുകളിൽ വെള്ളം

കയറി എന്നുള്ള വാർത്തകൾ കൂടി വന്നപ്പോൾ തികച്ചും ആശാങ്കയിലായി .

കാരണം എന്റെ വീടുമൊരു താഴ്ന്ന പ്രദേശത്തി ലായിരുന്നു.നാട്ടുകാരും വീട്ടുകാരും എല്ലാരും ഒറ്റപ്പെടുത്തിയപ്പോൾ ഉള്ളതെല്ലാം കൊണ്ട് നാട് വിട്ടു. ഇവിടെ കുറച്ചു സ്ഥലം വാങ്ങി വളരെ കഷ്ടപ്പെട്ടു ഒരു വീട് വച്ച് താമസമാക്കിയിട്ടു കുറച്ചു നാളുകളെ ആയിട്ടുള്ളു. അപ്പോഴാണ് ഈ പേമാരി. സഹായത്തിനു വിളിക്കാൻ ജോലിയിൽ ഒരുമിച്ചുള്ള സന്തോഷ് മാത്രമേയുള്ളു. ഒരു അനുഭവം ഉണ്ടായിരുന്നത് കൊണ്ടായിരിക്കും അധികം ആരോടും കൂട്ട് കൂടാനുള്ള ഒരു ധൈര്യമോ മനസ്സോ ഉണ്ടായിരുന്നില്ല. എന്നതാണ് സത്യവും ഞാൻ സന്തോഷിനെ വിളിച്ചു കിട്ടുന്നില്ല ഞാൻ കൂടുതൽ വിഷമത്തിലായി. അയൽക്കാരിൽ ചിലരൊക്കെ ഉള്ള സാധനകളെല്ലാം എടുത്തുകൊണ്ടു അടുത്ത ബന്ധുക്കളുടെയും മറ്റും വീട്ടിൽ പോയി .എനിക്ക് ആരാ ഉള്ളത്? സങ്കടം വന്നെങ്കിലും ഒരു നെടുവീർപ്പിലൂടെ ഇല്ലാതെയാക്കാൻ ശ്രമിച്ചു. റോഡിൽ വെള്ളം കെട്ടി നിൽക്കുന്നുണ്ടായിരുന്നു. മഴയുടെ ശക്തി വരും ദിനങ്ങളിൽ ഇനിയും കൂടുമെന്നു മുന്നറിയിപ്പ് നൽകി . ആ മുന്നറിയിപ്പ് ഞാൻ എന്നോട് തന്നെ അറിയിച്ചു. ദിവസങ്ങൾ കഴിയുന്തോറും മഴയുടെ ശക്തി കൂടി കൊണ്ടേയിരുന്നു. രണ്ടുനിലയുള്ള എന്റെ വീടിന്റെ ആദ്യത്തെ നിലയിൽ വെള്ളം കയറി. അധികൃതർ അടുത്തുള്ള ബന്ധുക്കളുടെ വീടുകളിൽ അഭയം തേടാൻ പറഞ്ഞു. പക്ഷെ ഞാൻ എന്ത് ചെയ്യും ? അത്യാവശ്യം വേണ്ട സാധനങ്ങളെല്ലാം എടുത്തു കൊണ്ട് ഞാൻ മുകളിലത്തെ നിലയിലേക്ക് മാറി. അടുത്ത രണ്ടു ദിവസത്തെ മഴയും കൂടി ആയപ്പോൾ ഒന്നാം നില വെള്ളത്തിനടിയിലായി അവിടെയുണ്ടായിരുന്ന വീട്ടുപകരണങ്ങൾ എല്ലാം നശിച്ചു . ഞാൻ കഷ്ടപ്പെട്ട് വാങ്ങിയവയായിരുന്നു അവയെല്ലാം. അടുത്ത രണ്ടു ദിവസത്തിനുള്ളിൽ ഹെലികോപ്റ്റർ ആ പ്രദേശങ്ങളിലൊക്കെ വരുമെന്ന് അറിയിപ്പ് കിട്ടി . അതിനാൽ തന്നെ ആ വഴിയിൽ എങ്ങോട്ടെങ്കിലും രക്ഷപ്പെടാമെന്നു കരുതി. എന്നാൽ മനസ്സിലേക്ക് വീണ്ടും ഒരു ചോദ്യം വന്നു. എങ്ങോട്ടെന്നും പറഞ്ഞു രക്ഷപ്പെടും? വരുന്നിടത്തു വച്ച് കാണാമെന്നു കൊറേ

നാളുകൾ കൊണ്ട് എന്റെ മനസ്സിനെ പഠിപ്പിച്ചു വച്ച ശുഭാക്തിവിശ്വാസം വീണ്ടും ഓർത്തു അടുത്ത ദിവസം ഹെലികോപ്റ്റർ അതുവഴി വരുന്നത് കണ്ടു എന്റെ കൈയിലിരുന്ന ആഹാരമെല്ലാം തീർന്നിട്ടുണ്ടായിരുന്നു. എങ്ങനെയെങ്കിലും രക്ഷപ്പെടണം. ജീവിക്കണം എന്ന ചിന്ത വിശപ്പു എന്നതിനെ മറികടന്നിട്ടുണ്ടായിരുന്നു. ഞൻ എന്റെ ഒരു പഴയ ഷർട്ട് എടുത്തു പൊക്കി കാണിച്ചു. ഹെലികോപ്റ്റർ എന്റെ അടുത്തേക്ക് വന്നു. അത്യാവശ്യം വേണ്ട സാധനങ്ങളെടുത്തു ഒരു ബാഗിൽ വച്ച് അതുമെടുത്തു കൊണ്ട് ഞാൻ കയറി. അപ്പോഴാണ് എനിക്ക് സന്തോഷിനെ ഓർമവന്നത്. അവൻ രക്ഷപ്പെട്ടിട്ടുണ്ടാവുമെന്ന വിശ്വാസത്തോടെ ഞാൻ അതിൽ പിടിച്ചിരുന്നു. അവർ ഒരു സ്കൂളിലേക്കാണ് കൊണ്ടുപോയത്. എന്നെ പോലത്തെ നിരവധി ആളുകൾ അവിടെ ഉണ്ടായിരുന്നു. അന്ന് ഞാൻ മനസിലാക്കി . മനുഷ്യരെല്ലാം ഒന്നാണ്. അവിടെത്തെ ജീവിതം എന്നെ വല്ലാതെ സ്വാധീനിച്ചു. കുടുംബത്തെ കുറിച്ചുള്ള ഓർമകൾ എന്റെ മനസ്സിനെ നുള്ളി നോവിച്ചു കൊണ്ടിരുന്നു. ഒടുവിൽ പോകാൻ തന്നെ തീരുമാനിച്ചു. ആരുടെയോ അനുഗ്രഹം കൊണ്ടും പ്രാർത്ഥനകൊണ്ടും ഞാനും സന്തോഷും കൂടി എന്റെ നാട്ടിലേക്ക് പോയി. എന്റെ വരവും കാത്തിരുന്ന എന്റെ മാതാപിതാക്കളെന്നെ കണ്ടയുടൻ ഓടി വന്നു കെട്ടിപ്പിടിച്ചു ... എന്താടാ ഇത്? ചായ തണുത്തുപോയല്ലോ എന്താ നീ ആലോചിച്ചത് ? .....ഞാൻ ഞെട്ടിയുണർന്നു. അമ്മയായിരുന്നു അതെ ഇപ്പോൾ ഞാനും കുടുംബമായിട്ടാണ് ജീവിക്കുന്നത്. പ്രളയം കുറെയേറെ ജീവിതങ്ങളിൽ മുറിവു നൽകിയെങ്കിലും എന്നെ പോലെ ചിലരുടെയെങ്കിലും ജീവിതത്തിൽ പൂക്കാലം സൃഷ്ടിക്കാൻ കഴിഞ്ഞിരുന്നു.

**********

## ഒരു പെൺകൊടിയുടെ വിലാപം *കവിത*

*അഖില സുരേഷ് VIII C*

ഈ ഭൂമിയിൽ ജനിച്ചു
വിടരും മുമ്പേ അടർന്നു പോയ
പെൺ കിടാവേ .....
എൻ സോദരിമാരെ...
പനിനീർ പൂവ് പോലുള്ള
നിൻ ഇതളുകൾ കൊഴിച്ചതാര്
വേട്ടനായ്ക്കളോ അതോ
മനുഷ്യാകാരംപൂണ്ട മൃഗമോ
വാത്സല്യത്തോടെ ചേർത്ത് പിടിക്കേണ്ട
പിതാവിൽ നിന്നും സോദരനിൽ നിന്നും
പത്തു മാസം ഉദരത്തിൽ ചുമന്നു
അമ്മിഞ്ഞപ്പാൽ നുകർന്ന്
വാത്സല്യം കാണിക്കേണ്ട മാതാ
കശ്മലന്മാരുടെ കരാളഹസ്തങ്ങളിൽ
എറിഞ്ഞു കൊടുക്കുന്നു പെൺകിടാങ്ങളെ
ഇതിന്റെ പേരോ മാതൃവാത്സല്യം
അവൾ ആരെയാണ് ഭയക്കുക
ജന്മം നൽകിയ മത പിതാക്കളെയോ
അതോ സമൂഹത്തിലെ കാപാലികന്മാരെയോ
ഈ നീച ദുസ്ഥിതിയിൽ നിന്നും
മോചനമില്ലാതെ വിലപിച്ചു തീർ-
കേണ്ടതാണോ നിൻ ജീവിതം.

# ജലം ജീവാമൃതം

***ലേഖനം***



***അശ്വതി സജികുമാർ X B***

ജലം അമൂല്യമാണ്. അത് പാഴാക്കരുത്. ദേവന്മാർ മനുഷ്യർക്ക് കനിഞ്ഞു നൽകിയ ഏറ്റവും വലിയ വരദാനമാണ് അത്. ജീവന്റെ നിലനിൽപ്പു തന്നെ അസാധ്യമാകുന്ന രീതിയിൽ ഭൂമിയിൽ ശുദ്ധജലത്തിന്റെ ലഭ്യത കുറഞ്ഞു കൊണ്ടിരിക്കുകയാണിന്ന്. ഇനിയൊരു ലോകയുദ്ധ മുണ്ടായാൽ അത് ജലത്തിനുവേണ്ടിയായിരിക്കും എന്ന് പലരും ഭയപ്പെടുന്നുണ്ട്. ഈ ഭയപ്പാടിനെ സാധൂകരിക്കുന്ന രീതിയിലാണ് നമ്മുടെ വേനൽക്കാലം കടന്നുപോകുന്നത്.

വെള്ളത്തെ പാഴാക്കിയും ഉള്ള ജലത്തെ മലിനമാക്കിയും മനുഷ്യൻ ജലത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. പക്ഷെ അവനറിയുന്നില്ല സ്വന്തം ജീവാംശത്തെയാണ് നശിപ്പിക്കുന്നതെന്ന്. ചിലപ്പോൾ ഒരു തുള്ളി ജലത്തിനുവേണ്ടി അവർ അലയേണ്ടിവരും.ഭൂമിയിലെ ശുദ്ധജലത്തിലെ നല്ലൊരു പങ്ക് വ്യവസായ ശാലകളിലെ മാലിന്യം കലർന്ന് മലിനീകരി ക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. ജലം ജീവാമൃതമാണ്. ജീവന്റെ ആധാരമാണത് . അതുകൊണ്ടു തന്നെ ജലം സംരക്ഷിക്കുന്നതിനും ജലത്തിന്റെ ദുരുപയോഗം തടയുന്നതിനും നാം വളരെ ശ്രദ്ധിക്കണം . കടുത്ത വേനൽ വന്നെത്തും മുമ്പേ വറ്റിവരളുന്ന കിണറുകളും തോടുകളും കുളങ്ങളും തടാകങ്ങളും നദികളും ജലസംരക്ഷണത്തിന്റെ പ്രാധാന്യം നമ്മെ ഓർമപ്പെടുത്തുന്നു. ജലത്തെ ദുരുപയോഗം ചെയ്യുമ്പോൾ ഓർക്കേണ്ടത് ജലക്ഷാമത്തിലേക്കു നാം നടന്നടുക്കുന്നു എന്നതാണ്."

****************************




**DIGITAL PAITING**

**BY**

**SREEJITHA S NAIR IX C**

# വട്ടിയൂർക്കാവ് സ്കൂളിന്റെ ചരിത്രം താളുകളിൽ

**അനിത കുമാരി . ബി**

*ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്*

വിസ്തൃതമായ വട്ടിയൂർക്കാവ് പ്രദേശത്ത്, വിദ്യാഭ്യാസ മേഖലയിൽ അതിപ്രധാനമായ സ്ഥാനമാണ് വട്ടിയൂർക്കാവ് ഗവണ്മെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനുള്ളത്. പഠനനിലവാര ത്തിലും വിദ്യാർത്ഥികളുടെ എണ്ണത്തിലും തലസ്ഥാനനഗരിയിൽ എണ്ണപ്പെട്ട ഹൈസ്കൂളുകളിൽ ഒന്നാണെന്നു ള്ളതും പ്രസ്താവ്യമാണ്. ഇൻഫർമേഷൻ ടെക്നോളജിയുടെ അനന്തസാധ്യതകൾ കാലേ കൂട്ടി കണ്ടു കമ്പ്യൂട്ടർ വിദ്യാഭ്യാസം ഈ സ്കൂളിൽ ഏകദേശം 23 വർഷങ്ങൾ ക്കു മുൻപു ആരംഭിച്ചത്, ആ രംഗത്ത് മുൻനിരയിൽ എത്താൻ നമുക്ക് കഴിഞ്ഞതത് നേട്ടം തന്നെയാണ്.'

സ്കൂളിലേക്ക് വരാൻ അന്ന് വഴിപോലും ഇല്ലാതിരുന്ന സ്വകാര്യ എൽ പി എസ് സ്കൂളിന്റെ അവസാനത്തെ മാനേജരും ഹെഡ്മാ സ്റ്ററുമായ അറപ്പുര വീട്ടിൽ കെ. വാസുദേവൻ നായർ ആയിരുന്നു. മണ്ണാറക്കോണം എൽ. പി. എസ് വളർന്നു 1963 മാർച്ചിൽ യു. പി. എസ് ആയി. മുപ്പതോളം സ്റ്റാഫുകൾ കുട്ടികളുടെ എണ്ണം കൂടി. വട്ടിയൂർക്കാവ് സാഹിത്യപഞ്ചാനനൻ വായനശാലകൂടി വാടകയ്ക്കെടുത്തു. ഒരു വർഷം കഴിഞ്ഞു പരേതനായ എം കൃഷ്ണപിള്ള സാറിന്റെ വീട് വാടകയ്ക്കെ ടുത്തു. മണ്ണറക്കോണം യു.പി.എസ്സിലെ ഓലഷെഡിന്റെ സ്ഥാനത്ത് അനുവദിച്ച ചെറിയ ആസ്ബസ്റ്റോസ് ഷെഡ്. അന്ന് ഹെഡ്മാസ്റ്ററായിരുന്ന ശ്രീ.ശേഷയ്യൻ സാറിന്റെ ശ്രമഫലമായിട്ടാണ് ഇന്ന് നമ്മുടെ കോമ്പൗണ്ടിൽ കാണുന്ന ചെറിയ ആസ്ബസ്റ്റോസ് ഷെഡുണ്ടായത്. കാര്യക്ഷമതയുള്ള പി.ടി.എ യും ഇദ്ദേഹത്തിന്റെ

കാലത്ത് സംഘടിക്കപ്പെട്ടു.

അങ്ങനെ മുൻ പി.ടി.എ. പ്രസിഡന്റായിരുന്ന എക്സ്.കൗൺസിലർ ശ്രീ.കെ.കൃഷ്ണൻ നായർ സാറിൽ നിന്നും ഒരേക്കർ സ്ഥലം ദാനമായും അതിനോട് ചേർന്ന പുതുവൽ പുരയിടവും ഉൾപ്പെടുന്ന സ്ഥലത്താണ് ഈ ഷെഡ് സ്ഥാപിച്ചത്. ഇതിനോടനുബന്ധിച്ച്, ഇന്നത്തെ ലാബ് ഹാളിരിക്കുന്നിടത്ത് വലിയൊരു ഓലഷെഡ് പണിയുകയുണ്ടായി. യു.പി.എസിന്റെ ഒരു ഭാഗവും ചേർത്ത് ഷിഫ്റ്റ് സമ്പ്രദായത്തിൽ ഇവിടെ ക്ളാസ്സുകൾ നടന്നു വന്നപ്പോൾ തന്നെ വലിയ ആസ്ബസ്റ്റോസ് ഷെഡിനു പണിയാരംഭിച്ചു.പിന്നീട് എച്ച്.എം ആയി വന്ന ശ്രീ.രാമപ്പണിക്കർ സാറിന്റെയും പി.ടി.എ.യുടെയും ശ്രമഫലമായി 1968 ജൂൺ മുതൽ തന്നെ ഇതൊരു ഹൈസ്കൂളായി പ്രവർത്തിക്കുവാൻ കഴിഞ്ഞു.1970-71-ൽ ഇതൊരു പരിപൂർണ്ണ ഹൈസ്കൂളായി. അന്നത്തെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി സി.എച്ച്.മുഹമ്മദ് കോയ ഹൈസ്കൂളിന്റെ ഔപചാരികമായ ഉത്ഘാടനം നിർവ്വഹിച്ചു. ആദ്യത്തെ എച്ച്.എം ആയി ശ്രീമതി.മീനാക്ഷി ടീച്ചർ സ്ഥാനമേറ്റു. സ്കൂൾ ഫൈബർക്കേറ്റു ചെയ്തു.

അങ്ങനെ മണ്ണറക്കോണത്ത് ഗവ.എൽ.പി.എസ്.വട്ടിയൂർക്കാവും, മേക്കമ്പാറയിൽ ഗവ.എച്ച്.എസ്. വട്ടിയൂർക്കാവും ഉണ്ടായി. എച്ച്.എസ് ആയപ്പോൾ ഇന്നു കാണുന്ന ഐ ഷെയ്പ്പ് ഓലഷെഡ് പി.ടി.എ യുടെ ശ്രമഫലമായി ഉണ്ടായി. തുടർന്ന് ഇന്നത്തെ ഓഫീസും ലാബ്ഹോളും ചേർന്ന് എൽ ഷെയ്പ്പ് രണ്ടു നില കെട്ടിടം പണിതു.ഇതിന്റെ സ്ഥാനത്തിരുന്ന ഓല ഷെഡ് പി.ടി.എ.യുടെ സഹായത്താൽ കോമ്പൗണ്ടിന്റെ കിഴക്കുഭാഗത്തേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു.

ശ്രീമതി.ഇന്ദിരാ ദേവി ടീച്ചർ എച്ച്.എം ആയിരുന്ന കാലത്ത് സ്കൂൾ കോമ്പൗണ്ടിനും, ഗ്രൗണ്ടിനും സ്ഥലം അക്വയർ ചെയ്തു. തുടർന്ന് എൽ ഷെയ്പ്പ് ഓലഷെഡും വലിയ ആസ്ബസ്റ്റോസ് ഷെഡിനോട് ചേർന്ന് കിഴക്കുവശത്ത് ചരിവുപോലെ ഓലഷെഡും കെട്ടി. നെട്ടയം ഷെഡും പണികഴിപ്പിച്ചു.

രാജമ്മ ടീച്ചർ എച്ച്.എം ആയിരുന്ന കാലത്ത് പുതിയ എൽ ഷെയ്പ്പ് രണ്ടു നില കെട്ടിടത്തിന് അനുമതിയായി. ഗ്രൗണ്ട് വിപുലീകരിക്കുന്നതിന് വേണ്ടി ശ്രമവും തുടങ്ങി. സ്കുൾ അങ്കണത്തിലുള്ള ഫ്ളാഗ് പോസ്റ്റ് നിർമിച്ചു.

ശ്രീമതി.ഏലിയാമ്മ മാത്യു എച്ച്.എം ആയിരുന്ന കാലത്ത് പുതിയ എൽ ഷെയ്പ്പ് കെട്ടിടത്തിന്റെ പണി ഏറെക്കുറെ പൂർണ്ണമാവുകയും ചെയ്തു. വടക്കു വശത്ത് കോമ്പൗണ്ട് വാൾ ശ്രീമതി ബി. രാജേശ്വരിയമ്മ (മുൻ പ്രിൻസിപ്പാൾ) നിർമിച്ചു. ശ്രീമതി.ഹേമ കുമാരിയമ്മ എച്ച്.എം ആയിരുന്ന കാലത്ത് ഓപ്പൺ എയർ സ്റ്റേജ് പണി തുടങ്ങുകയും അതിനുശേഷമുള്ള എച്ച്.എം ശ്രീമതി. ശാന്തകുമാരിയമ്മ വന്നയുടനെ പൂർത്തിയാക്കുകയും ചെയ്തു. അങ്ങനെ കിഴക്കുവശത്ത് കോമ്പൗണ്ട് വാളായി. ശ്രീമതി ബി. രാജേശ്വരിയമ്മ (മുൻ പ്രിൻസിപ്പാൾ) 1989-ൽ അന്നത്തെ പി.ടി.എ.യുടെ നിരന്തര പരിശ്രമ ഫലമായി വൊക്കേഷണൽ കോഴ്സ് അനുവദിച്ചു കിട്ടി. അന്ന് മുതൽ എച്ച് .എസ്. വട്ടിയൂർക്കാവ്, വി. എച്ച് .എസ് .എസ് വട്ടിയൂർക്കാവായി മാറി. ഇതോടെ പുതിയ കെട്ടിടത്തിന്റെ ആവശ്യമുണ്ടായി. പി.ടി എ കർമ്മോന്മുഖരായി പണം സ്വരൂപിച്ചു. അന്നത്തെ ജില്ലാ കൗൺസിലറിന്റെ വലിയ ഒരു തുക സഹായവും ലഭിച്ചു. അങ്ങനെ മുൻ വശത്തു കാണുന്ന കോൺക്രീറ്റ് കെട്ടിടം 1997 -ൽ പൂർത്തിയായി . തുടർന്ന് ഹയർ സെക്കണ്ടറിയും അനുവദിച്ചു കിട്ടി. ആദ്യം യു, പി സ്കൂളിന്റെ ഒരു ഭാഗത്ത് ഹയർ സെക്കണ്ടറിയുടെ ക്ളാസ്സുകൾ കൂടി നടന്നിരുന്നു. എന്നാൽ ബഹുമാനപ്പെട്ട എം.എൽ. എ ശ്രീ മുരളീധരൻ അവറുകൾ അനുവദിച്ച ഫണ്ടുപയോഗിച്ച് ഹയർസെക്കണ്ടറിക്കായി പുതിയ കെട്ടിടം പണിതു. ഇപ്പോൾ ഹയർസെക്കണ്ടറിയുടെ പ്രവർത്തനം പൂർണമായും അതിലാണ് നടക്കുന്നത്.

2017-18 ആയപ്പോൾ പല ക്ളാസ്സ് മുറികളും ഹൈടെക്കായി മാറി. ഇപ്പോൾ

സംസ്ഥാനസർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യഞ്ജത്തിന്റെ ഭാഗമായി സ്കൂൾ തന്നെ ഹൈടെക്കായി മാറുന്ന അവസ്ഥയാണ് നിലവിലുള്ളത്.

ഇങ്ങനെ നമ്മൾ കടന്നു വന്ന വഴി ദുർഘടവും ത്യാഗപൂർണവുമായിരുന്നു. ഇന്ന് സുഖസൗകര്യങ്ങൾ വർധിച്ചു. വഴിയായി, വെള്ളമായി, വെളിച്ചമായി എന്തിനു സ്കൂളിന്റെ ഓരോ സ്പന്ദനവും വിരൽത്തുമ്പിലൂടെ ഇന്ന് അറിയാൻ കഴിയുന്നത് തന്നെ നല്ലവരായ രക്ഷിതാക്കൾ, നാട്ടുകാർ, സർക്കാർ,പിടിഎ, കർമനിരതരായ ഹെഡ്മിസ്ട്രസ് പരിചയ സമ്പന്നരായ അധ്യാപകർ, വാത്സല്യനിധികളായ വിദ്യാർത്ഥികൾ, സഹകരണ മനോഭാവമുള്ള ആഫീസ് സ്റ്റാഫുകൾ ഇവരുടെ അശ്രാന്തപരിശ്രമഫലമായിട്ടാണ്. ഇങ്ങനെ സംഭവബഹുലമായ മാറ്റങ്ങൾക്ക് വട്ടിയൂർക്കാവ് സ്കൂൾ സാക്ഷ്യം വഹിക്കുന്നു. ഈ അവസരത്തിലും നാം ഓർക്കണം നമ്മുടെ അന്നും ഇന്നും.

കടപ്പാട് : ശ്രീമതി ബി. രാജേശ്വരിയമ്മ (മുൻ പ്രിൻസിപ്പാൾ)

# പുകവലി ആരോഗ്യത്തിനു ഹാനികരം

*പ്രസംഗം*



*ഗായത്രി എസ്   X C*

മാന്യസദസിന് നമസ്കാരം ,

ഇന്ന് സമൂഹം നേരി ടുന്ന ഏറ്റവും വലിയ വിപത്തുക്കളി ലൊന്നാണ് പുകവലി. " തലച്ചോറിന് ക്ഷതവും ശ്വാസകോശത്തിന് അപകടവും വരുത്തുന്ന ഒരുപചാരമാണിത്." എന്ന് പുകവലിയെപ്പറ്റി 1603-ൽ ഇംഗ്ലണ്ടിന്റെ സിംഹാസനമേറിയ ജെയിംസ് ഒന്നാമൻ പറഞ്ഞിട്ടുണ്ട്. പക്ഷെ നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും നാം അത് ഉൾക്കൊണ്ടില്ല. ഇന്ന് പുകവലിക്കുന്നവരുടെ എണ്ണം വളരെയേറെ വർധിച്ചിട്ടുണ്ട് .തങ്ങളുടെ ജീവിതമാണ് പുകഞ്ഞു തീരുന്നതെന്നു മനസ്സിലാക്കിയിട്ടും അതിനടിമപ്പെട്ടുപോകുന്ന അവസ്ഥയാണ് നാം ഇന്ന് കാണുന്നത്.

പ്രതിവർഷം 60 ലക്ഷം ടൺ പുകയിലയാണ് ജനങ്ങൾ പുകച്ചു തീർക്കുന്നതെന്ന് ലോകാരോഗ്യസംഘടന പറയുന്നു. ഏറ്റവുംമധികം സമ്പത്തും സ്വാധീനശക്തിയുള്ള ബഹുരാഷ്ട്രകുത്തക വ്യവസായികളിൽ പ്രമുഖർ ഇന്ന് പുകയില വ്യവസായികളാണ്. ആണ്ടുതോറും 3000 ദശ ലക്ഷം ഡോളർ സമ്പാദിക്കുന്ന ആറ് പുകയില കമ്പനികൾ മൂന്നെണ്ണം അമേരിക്കയിലും രണ്ടെണ്ണം ഇംഗ്ലണ്ടിലും ഒരെണ്ണം തെക്കേ ആഫ്രിക്കയിലുമാണ്. പുകവലിക്കാരുടെ സംഖ്യ കാലം കഴിയുന്തോറും വർധിച്ചു വരികയാണ്. 40 മുതൽ 70 ശതമാനം വരെ പുരുഷന്മാരും 10 മുതൽ 50 ശതമാനം വരെ സ്ത്രീകളും പുകവലിയുടെ അടിമകളാണെന്നു ലോകാരോഗ്യ സംഘടനാ പറയുന്നു.

"നിക്കോട്ടിയാന" വംശത്തിലുള്ള ഒരു ചെടിയാണ് "പുകയില." ഈ ചെടിയിൽ വിഷം അടങ്ങിയിട്ടുണ്ട് എന്ന് കണ്ടെത്തിയത് ജീൻ നിക്കോട്ടിൻ എന്ന ശാസ്ത്രജ്ഞനാണ്. അദ്ദേഹത്തിന്റെ സ്മരണക്കായിട്ടാണ് പുകയില എന്ന ചെടിയിലെ വിഷത്തിനു നിക്കോട്ടിൻ എന്ന് പേര് നൽകിയിരിക്കുന്നത്. നിക്കോട്ടിൻ എന്ന വിഷം ഒരു തുള്ളി നാക്കിൽ വീണാൽ മതി ഒരാൾ മരിക്കും. ഒരു കൗതുകത്തിനു വേണ്ടി മാത്രമാണ് ആദ്യമായി സിഗരറ്റ് പരീക്ഷിച്ചുനോക്കിയത്. പിറ്റേന്ന് അതേ സമയമാകുമ്പോൾ വീണ്ടും പുകവലിക്കണമെന്നു തോന്നും . ക്രമേണ അത് മദ്യത്തിലേക്കും അവിടെന്നു കഞ്ചാവിലേക്കും മയക്കുമരുന്നിലേക്കും പോകും .എന്നാൽ ഈ കൗതുക വിനോദം ഹൃദയത്തിനും ശ്വാസകോശത്തിനും കരളിനും തകരാറുണ്ടാക്കുന്നു. പക്ഷെ ഒരു പുകവലിക്കാരന്റെ ബന്ധുക്കൾക്കും അവൻ അല്ലെങ്കിൽ അവൾ പുകവലിക്കുന്നു എന്ന് പെട്ടെന്ന് തിരിച്ചറിയാനാവണമെന്നില്ല. അവർ അതുകൊണ്ടു പിടിക്കുമ്പോഴേക്കും വൈകും. അവനതിൽ അടിമപ്പെട്ടിട്ടുണ്ടാവും.

" ഒരു സിഗരറ്റു കത്തിക്കുമ്പോൾ
താൻ തന്റെ ശരീരത്തിന്
തീ കൊളുത്തുകയാണെന്നു
അവർ ഓർക്കുന്നില്ല"

നന്ദി

നമസ്കാരം

# മനുഷ്യൻ ഇന്റർനെറ്റിന്റെ വലയിൽ

**ലേഖനം**

*ശബ്ന എസ് VIII C*

ഗ്ലോബലൈസേഷൻ എന്ന പ്രതിഭാസത്തിനു മുമ്പിലാണ് നമ്മളിപ്പോൾ ജീവിക്കുന്നത്. ഇന്റർനെറ്റും സെൽഫോണും മനുഷ്യരാശിയുടെ മുന്നിൽ മായികമായ വേഗതയിലാണ് വ്യാപിച്ചുകൊണ്ടിരിക്കുന്നതു. ദൈവത്തെ പോലും ഇന്റർനെറ്റിന്റെ വലയിൽ കുടുക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇന്റർനെറ്റിന് മുമ്പിൽ വർത്തമാനകാലവും ഭാവിയുമേയുള്ളു ഭൂതകാലമില്ല. മനുഷ്യരാശിയുടെ ചരിത്രം മായ്ച്ചു കളയുകയാണ് . ഇന്നലെകളിൽ നിന്നും വേർപെട്ടു കൊണ്ടിരിക്കുന്ന വേറൊരു ലോകത്താണ് നമ്മളിലിന്നു ജീവിക്കുന്നത്. ലോകം കീഴ്മേൽ മറഞ്ഞിരിക്കുന്നുവെന്നല്ല വേറൊരു ലോകം ഉണ്ടായിരുന്നുവെന്നു തന്നെ പറയാം

ഒരു കാലത്തു മനുഷ്യന്റെ അസ്തിത്വം മതത്തിലൂടെയും രാഷ്ട്രീയത്തിലൂടെയും കലയിലൂടെയുമൊക്കെയായിരുന്നു. ഈ ന്യായീകരണത്തിനു അറുതി വന്നുകൊണ്ടിരുന്നു. ഇന്റർനെറ്റ് സംസ്കാരത്തിന്റെ അടിമത്തത്തിനകുത്താണ് ഇപ്പോൾ കലകളും സംസ്കാരവും രാഷ്ട്രീയവുമൊക്കെ മതദർശനങ്ങളും കലകളും ഇന്റർനെറ്റിന്റെ ആത്മാവിൽ ലയിക്കുന്നു.

ഇന്റർനെറ്റ് സംസ്കാരം മനുഷ്യന്റെ സർഗ്ഗവൈഭവങ്ങളിൽ നിന്നുയിർകൊള്ളുന്ന കലകളിൽ നിന്നും സാഹിത്യത്തിൽ നിന്നുമൊക്കെ മുഖം തിരിഞ്ഞു നിൽക്കുകയാണ്. സർഗ്ഗഭാവന വിഭാവനം ചെയ്യുന്ന നന്മകളിൽ വിശ്വസിക്കുന്നില്ല. സാഹിത്യത്തെയും സിനിമയെയുമൊക്കെ നെറ്റിനകത്തു കുടുക്കിയിടുകയാണ്.

# നമ്പർ ക്വിസ്

*ഗായത്രി എസ്   X C*

ചോദ്യങ്ങൾക്കുള്ള ഉത്തരം  അതെ ചോദ്യനമ്പർ തന്നെയാണ്എന്നതാണ് ഈ ക്വിസിന്റെ സവിശേഷത.

1 . ലോകരാഷ്ട്രങ്ങളിൽ വലുപ്പത്തിൽ  റഷ്യയുടെ സ്ഥാനം ?

2 . കേരളം എത്ര സംസ്ഥാനങ്ങളുമായി അതിരു പങ്കിടുന്നു ?

3 . കേരളത്തിൽ പടിഞ്ഞാറ് നിന്ന് കിഴക്കോട്ടു ഒഴുകുന്ന നദികൾ എത്ര ?

4 . ഒളിമ്പിക്സ് നടക്കുന്നത് എത്ര വർഷത്തിലൊരിക്കലാണ്?

5 . കേരളത്തിലെ മുനിസിപ്പൽ കോർപ്പറേഷനുകളുടെ എണ്ണം ?

6 . ഒരു രാജ്യസഭാംഗത്തിന്റെ കാലാവധി എത്ര വർഷം?

7 . എത്ര അസംബ്ലി  മണ്ഡലങ്ങൾ ചേരുന്നതാണ് കേരളത്തിൽ ഒരു ലോകസഭാമണ്ഡലം ?

8 . ഇന്ത്യ എത്ര പ്രാവശ്യം ഒളിമ്പിക്സ് ഹോക്കിയിൽ  സ്വർണമെഡലുകൾ നേടിയിട്ടുണ്ട്?

9 . കേരളത്തിൽ കടൽത്തീരമുള്ള ജില്ലകളുടെ എണ്ണം?

10 . എത്ര വർഷത്തിലൊരിക്കലാണ്  ഇന്ത്യയിൽ സെൻസസ് നടക്കുന്നത്?

11 . ഒരു ഫുട്ബോൾ ടീമിൽ അംഗങ്ങൾ എത്ര?

12 . എത്രാമത്തെ പഞ്ചവത്സര പദ്ധതിയാണ് നിലവിലുള്ളത്?

13 . എത്രാമത്തെ കേരളനിയമസഭയാണ് നിലവിലുള്ളത്?

14 . കേരളത്തിലെ റവന്യു ജില്ലകളുടെ എണ്ണം?

15 . എത്രാമാതു  ലോകസഭയാണ് നിലവിലുള്ളത്?

# സുഭാഷിതം



*അമ്പാടി ജ്യോതിസ്   IX A*

സംസ്കൃത വാങ്മയത്തിന്റെ ഒരു പ്രത്യേക അനർഘങ്ങളായ സുഭാഷിതങ്ങളുടെ സുലഭസാന്നിദ്ധ്യമാണ്. ഏതുകാലത്തും ഏതുദേശത്തും പ്രസക്തങ്ങളായ സാമാന്യതത്ത്വങ്ങൾ സരളമായും, സരസമായും അനാവരണം ചെയ്യുന്ന അത്തരം സുഭാഷിതങ്ങൾ സംസ്കൃതജ്ഞന്മാരുടെ സംഭാഷണങ്ങളിലും, പ്രഭാഷണങ്ങളിലും, രചനകളിലും നിറഞ്ഞുനിൽക്കാറുണ്ട്.

സുഭാഷിതം എന്ന വാക്കിന് സാരവത്തായ ഭാഷണം എന്നാണ് അർത്ഥം. അജ്ഞാതകർതൃകങ്ങളായ അനേകം ഒറ്റ ശ്ലോകങ്ങൾ മുതൽ വിശ്വസാഹിത്യ ത്തിൽ ചിരപ്രതിഷ്ഠ നേടിയ മഹാകവികളുടെ കാവ്യ ങ്ങളിൽ നിന്നുള്ള ഉദ്ധരണികൾ വരെ സുഭാഷിതങ്ങളായി വ്യവഹരിക്കപ്പെടുന്നു (പറയപ്പെടുന്നു).

സുഭാഷിതരത്നാവലി,സുഭാഷിതഭണ്ഡാഗാരം,കവീരൂവചന സമുച്ചയം, സുക്തിമുക്താവലി, നീതിശതകം, നീതിസാരം, പഞ്ചതന്ത്രം, ഹിതോപദേശം തുടങ്ങിയ കൃതികളിൽ അനേകം സുഭാഷിതങ്ങൾ സമാഹരിച്ചിട്ടുണ്ട്.

വിദ്യ, വിനയം, നീതിശാസ്ത്രം, രാജസ്തുതി, ഭക്തി, ഫലിതം,

എന്നിങ്ങനെ വൈവിധ്യമാർന്ന വിഷയങ്ങളെ പ്രതിപാദിക്കുന്ന അനേകം സുഭാഷിതങ്ങളുണ്ട്.

വിദ്യയുമായി ബന്ധപ്പെട്ട കുറച്ച് സുഭാഷിതങ്ങൾ ഇവിടെ പരിചയപ്പെടുത്തുന്നു:-

ആചാര്യാത്പാദമാദത്തേ പാദം ശിഷ്യസ്വമേധയാ
പാദം സബ്രഹ്മചാരിദ്യ: പാദം കാലക്രമേണ തു
ഗുരുവിൽനിന്ന് വിദ്യയുടെ 1/4 ഉം,
1/4 ശിഷ്യൻ സ്വന്തമായും,

1/4 സഹപാഠികളിൽ നിന്നും ശേഷിച്ച
1/4 കാലക്രമേണയും നേടിയെടുക്കുന്നു.

- കാകദൃഷ്ടിർബകധ്യാനം ശ്വാനനിദ്രാ തഥൈവ ച

അല്പാഹാരോ ജീർണവസ്തു മേതത് വിദ്യാർത്ഥിലക്ഷണം

കാക്കയെപ്പോലെ സൂക്ഷ്മമായ ദൃഷ്ടി,
കൊക്കിനെപ്പോലെ ഏകാഗ്രമായ ശ്രദ്ധ,
പട്ടിയെപ്പോലെ ഉറക്കത്തിലും ജാഗ്രത,
മിതമായ ആഹാരം,ലളിതമായവസ്ത്രധാരണം
ഇവ അഞ്ചിമാണ് വിദ്യാർത്ഥികൾക്കുണ്ടാകേണ്ട ഗുണങ്ങൾ.

***********

# GLOBAL WARMING

**seminar**

**ANOOP MS IX A**

**INTRODUCTION**

Global warming means continuous rise in earth's average surface or environmental temperature due to greenhouse effect. Now what is greenhouse effect? The earth's atmosphere is composed of nitrogen, oxygen etc. which is responsible for maintaining average temperature for life on earth at 16 degree Celsius. When the sun rays collide with the earth's surface, most of the energy is absorbed by greenhouse gases such as carbon dioxide, methane,nitrous oxide,sulphur dioxide, carbon monoxide while a part of the solar radiation called infra-red radiation returns into space by means of cloud,snowflakes and other reflective things. The rise in sea level, changes in weather, melting of glaciers, decrease in forests destruction of many types of organisms and vegetative species, increase in various deceases etc. are seen in all parts of the world. In fact, global warming is a major issue related to the existence of mankind.

**Causes of global warming**

The most important reason for the increase in the temperature of our earth is the continuous increase in the pollution, due to which the level of green house gases is increasing, which is damaging the ozone layer. With the industrial revolution over the last 100 years, the proportion of the carbon

dioxide and the green house gases has increased in the atmosphere.

Increasing number of factories , vehicles, fossil fuels and the population of humans all have contributed to the increase in the amount of these gases.

The use of chemical fertilizers and pesticides is also increasing pollution in soil, water and air. Due to the cutting of trees and use of fossil fuels to operate power plants , the level of carbon dioxide is increasing. As a result, the quantity of sun's heat absorbed by them has also increased, leading to global warming.

## EFFECTS OF GLOBAL WARMING

Due to more emission of harmful substances, glaciers are melting, and sea water levels are rising, posing a treat to the coastal area around the world. Global warming is also leading to increasing incidents of drought, water shortages, water shortages, famine, floods, land slides, hurricanes, change in rain patterns and more such extreme climatic conditions. The temperature of earth has increased between 0.4 to 0.8 degrees Celsius (Fahrenheit). In the last hundred years, seas present in more than 70% area of the world land has an extra ordinary impact on global weather, but the heat from the global warming is rapidly landing in the sea.

## THE EFFECTS OF GLOBAL WARMING AT A GLANCE

1. The melting of glaciers .

2. Depletion of ozone layers.

3.Toxic gases in the environment.

4. Unseasonal rains.

5. Fierce storms, cyclone, hurricanes and droughts.

6. Different types of skin ailments, cancer-related diseases, malaria and dengue.

7. Disappearance of many species of birds and animals who are unable to cop with the changing environment.

8. Increasing incidence of forest fires.

9. Increasing risk of flood as snow melts on the mountains.

10. Expansion in the dessert dune fierce heat.

11. Decreasing forest cover.

**HOW TO PREVENT GLOBAL WARMING**

1. We have to reduce the proportion of carbon dioxide and green house gases and in the atmosphere.

2. It is necessary that we minimize use of fossil fuels and reduce pollution in factories.

3. Control of emissions by vehicles is necessary too.

4. We have to use source of energy in which carbon is used in a limited amount or not at all, such as solar energy , atomic energy, and wind power etc...

5. Trees our biggest helper in our fight against global warming, should be protected from cutting and more trees should be planted.

6. There is a need to decrease the use of fossil fuels.

7. Non-biodegradable substances such as plastic should not be used.

8. Tropical forests should be protected with a special funding mechanism.

9.The use of nuclear energy should be minimized.

10. Pollution producing vehicles have to be banned.

11. We should reduce the use of air conditions and equipments.

**CONCLUSION**

If the level of global warming goes up, then that day will not be far away when the earth will be completely destroyed. That's why we need to think seriously about it to avoid the disastrous effects of global warming. It should not be the responsibility of only one government or just one country but everybody should understand their responsibility towards controlling global warming and environment pollution. The problem of global warming can be tackled only by public awareness and mutual understanding.

The way the population is increasing, the pressure on Earth's resource in the problem of global warming. We can provide safe food, air and water to the growing population, only when the earth will survive.

# അമ്മേ മാപ്പ്

*കഥ*



*പവന VIII C*

നേരെ പുലർന്നു. അടുക്കളയുടെ പണിത്തിരക്കിനിടയിൽ സുജ പെട്ടെന്ന് ഓർത്തു."ഗൗരിയുടെ കോളേജിൽ ഫീസ് ദിവസം കഴിഞ്ഞു . ആരുടെ കൈയിൽനിന്നും വാങ്ങും ? ജോലിക്കു പോകുന്ന വീട്ടിൽ ചോദിക്കാം " പെട്ടെന്ന് പണികളെല്ലാം ഒതുങ്ങി സുജ ഗൗരിയെ വിളിച്ചു . അവൾ എണീക്കാൻ കൂട്ടാക്കിയില്ല . "എല്ലാ ജോലിയും ഞാൻ തന്നെ ചെയ്യണം. കഷ്ടപ്പെട്ട് പഠിപ്പിച്ചു . ഡിഗ്രി ഫൈനൽ ഈയർ ആയിട്ടും അച്ഛനില്ലാത്ത വേദന ഞാനവളെ അറിയിച്ചിട്ടില്ല.എന്നിട്ടും രാവിലെ എന്നെയൊന്നു അടുക്കളയിൽ സഹായിക്കാൻ അവൾക്കു മനസ്സില്ല." പിറുപിറുത്തുകൊണ്ട് സുജ വീട്ടുജോലിക്ക് പോകുന്ന വീട്ടിലേക്കോടി. ജോലിയെല്ലാം കഴിഞ്ഞു ആ വീട്ടുകാരി ചേച്ചിയോട്.. രൂപ കടം ചോദിച്ചു. "സുജ എന്തിനാ എന്നും പൈസ മുന്നേ വാങ്ങുന്നത്?-അവർ സുജയോട് ചോദിച്ചു ."മോളുടെ കോളേജിൽ ഫീസ് കൊടുക്കാനുള്ള ദിവസം കഴിഞ്ഞു. ഇത് ഫീസ് കൊടുക്കാനാ"-ണ് അവൾ വിഷമത്തോടെ പപറഞ്ഞു "ഇത്ര കഷ്ടപ്പെട്ട് പഠിപ്പിക്കുന്ന മകൾക്കു നിന്നോട് തരി സ്നേഹമില്ല." എന്റെ കടമ എനിക്ക് ചെയ്യാതിരിക്കാൻ കഴിയുമോ ചേച്ചി? " ചിരിച്ചു കൊണ്ട് സുജ പറഞ്ഞു എന്നിട്ടു അവരോട് യാത്ര പറഞ്ഞു യാത്രയായി.

വീട്ടിലെത്തിയപ്പോൾ തന്നെയും കാത്തു മകൾ നിൽപ്പുണ്ടായിരുന്നു. മകളെ കണ്ടപാടെ അമ്മ ചോദിച്ചു. നീയെന്താ ഇന്ന് നേരത്തെ? "സുമേഷ് ഇന്ന് എന്നെ പെണ്ണ് കാണാൻ വരുമെന്ന് പറഞ്ഞു." ഉള്ളിൽ നിറഞ്ഞ സന്തോഷം ചുണ്ടിലൊതുക്കി മകൾ പറഞ്ഞത് കേട്ടപ്പോൾ അമ്മയുടെ നെഞ്ചിനകത്തൊരു തീ കത്തി. നീയെന്താ ഗൗരി പറയണേ? നിനക്ക് പഠിക്കണ്ടേ? ഒരു ജോലി വാങ്ങേണ്ടേ ? എന്നുവെച്ചു ? സുമേഷ് പണക്കാരനാണ്. അവന് വേറൊരു പെൺകുട്ടിയെ കല്യാണം കഴിക്കാൻ താമസമുണ്ടാകില്ല. പിടിച്ച പിടിയാലേ ഇപ്പോൾ ഇത് ചെയ്യുന്നത്. അവളുടെ മുഖത്തെ ഭാവം കണ്ടപ്പോൾ അമ്മയ്ക്ക് പേടിയായി. പിന്നീട് ആ അമ്മ ഒന്നും പറഞ്ഞില്ല.

ഏകദേശം ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ സുമേഷ് എത്തി . അവൻ നല്ലൊരു ചെറുപ്പക്കാരനായിരുന്നു. അമ്മ കാര്യങ്ങളെല്ലാം അവനോടു സംസാരിച്ചു അവൻ ഗൗരിയെ പറഞ്ഞ് മനസ്സിലാക്കാൻ ശ്രമിച്ചു. അവൾക്ക് അമ്മയോടായി ദേഷ്യം. “അമ്മ എന്റെ ജീവിതം നശിപ്പിക്കാനാണ് ശ്രമിക്കുന്നത് അല്ലേ”. അവൾ ദേഷ്യത്തോടെ ചോദിച്ചു. അതിന് മറുപടി സുമേഷാണ് പറഞ്ഞത്. “ഈ വർഷം കൂടെ കഴിഞ്ഞാൽ നിന്റെ ഡിഗ്രി കഴിയുമല്ലോ.നിനക്കൊരു ജോലി ശരിയാക്കാൻ എനിക്ക് കഴിയും. എന്നിട്ട് നമ്മുടെ കല്ല്യാണം നല്ല രീതിയിൽ നമുക്ക് നടത്താം”. അവൻ സ്നേഹത്തോടെ പറഞ്ഞു. പക്ഷേ ഗൗരി ഒട്ടും ഇഷ്ടപ്പെട്ടില്ല.” എന്നാൽ ഇവിടെ ഞാനിനി നിൽക്കില്ല. എന്റെ ജീവിതത്തെക്കുറിച്ച് വിചാരമില്ലാത്ത ഈ അമ്മയെ എനിക്ക് വേണ്ട”. സുമേഷിന് അത് സഹിക്കാനായില്ല. അവൻ നോക്കുമ്പോൾ കണ്ണുനീര് ഒതുക്കാൻ പാടുപെടുന്ന സുജയുടെ വേദന അവൻ കണ്ടു. “നിനക്കെവിടെയാണ് പോകേണ്ടത്?”ഗൗരിയോട് അവൻ ചോദിച്ചു.

“ഞാനേതെങ്കിലും ഹോസ്റ്റലിലോ മറ്റോ നിൽക്കും. എന്നാലും എനിക്കിനി ഈ അമ്മയെ വേണ്ട." അവൾ ഉറച്ചുനിന്നു. സുമേഷ് കൈ നീട്ടി ഗൗരിയുടെ കവിളത്ത് ഒറ്റയടി. “ഈ ലോകത്ത് മറ്റെല്ലാം വേണ്ടെന്നുവെച്ച് നിന്നെ വളർത്തിയ ഈ

അമ്മയെ നീ വേണ്ടെന്നുവെച്ചാൽ നാളെ നീ എന്നെയും നീ വേണ്ടെന്നുവെക്കും."

അപ്പോഴാണ് കുറ്റബോധം ഗൗരിയെ ഉലച്ചത്.അമ്മ അവളെ വളർത്താൻ വേണ്ടി അനുഭവിച്ച കഷ്ടപ്പാടുകൾ അവൾക്ക് ഓർമ്മ വന്നു.അവൾ അമ്മയുടെ കാലിൽ വീണ് മാപ്പു ചോദിച്ചു. "അമ്മേ മാപ്പ്".

$$$$$$$$$$$$$$$$$$$$

**<u>ലിറ്റിൽ കൈറ്റ്സ് ക്ലസ് മുറികളിൽ നിന്നും</u>**






KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
ലിറ്റിൽ കൈറ്റ്സ്
ഹൈടെക് വിദ്യാലയങ്ങളിലെ
കുട്ടികളുടെ
ഐ.ടി കൂട്ടായ്മ